بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 8

ലക്കം 50

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഡിസംബർ 14/ ഹി.ശം 1402 ഫതഹ് 14/1445 ജമാദുൽ അവ്വൽ 29


## അല്ലാഹുവിന്റെ വചനം

اِنَّ شَرَّ الدَّوَآبِّ عِنۡدَ اللّٰہِ الصُّمُّ الۡبُکۡمُ الَّذِیۡنَ لَا یَعۡقِلُوۡنَ ﴿۲۳﴾

തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടിയിൽ ജന്തുക്കളിൽ ഏറ്റവും നികൃഷ്ടമായ ജന്തുക്കൾ(കാര്യങ്ങൾ)ഗ്രഹിക്കാത്ത ബധിരരും ഊമകളുമായ ആളുകളാണ്.

.

(വിശുദ്ധ ഖുർആൻ 8:23)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2478)ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)നിവേദനം. നബി(സ) തിരുമേനി മക്കയിൽ പ്രവേശിച്ചു. കഅ്ബയ്ക്കു ചുറ്റും 360 വിഗ്രഹങ്ങളുണ്ടായിരുന്നു. തന്റെ കൈയിലുണ്ടായിരുന്ന ഒരു വടികൊണ്ട് നബി(സ)തിരുമേനി അവയെ അടിച്ചു. സത്യം വരികയും അസത്യം നീങ്ങുകയും ചെയ്തുവെന്ന് നബി(സ)തിരുമേനി പറയുന്നുണ്ടായിരുന്നു.

(2480)ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)നിവേദനം. വല്ലവനും തന്റെ ധനത്തെ സംരക്ഷിക്കാൻവേണ്ടി പോരാടി മരണമടഞ്ഞാൽ അവൻ ശഹീദാണ്.(സ്വഹീഹ് ബുഖാരി വാല്യം 4, കിതാബുൽമളാലിം, പ്രസാധനം 2008 ഖാദിയാൻ)

(2486)ഹദ്റത്ത് അബൂമൂസാ(റ)നിവേദനം. അശ്അരി ഖബീലക്കാർ യുദ്ധത്തിൽ ആശ്രിതരാകുകയോ മദീനയിൽ അവരുടെ കൈയിൽ കുട്ടികളുടെ ഭക്ഷണപദാർഥങ്ങൾ കുറയുകയോ ചെയ്താൽ അവരുടെ കൈയിലെന്താണോ ഉള്ളത് അതെല്ലാം ഒരേയൊരു തുണിയിൽ ശേഖരിക്കുമായിരുന്നു. പിന്നീട് അവർ പരസ്പരം അളവുപാത്രം ഉപയോഗിച്ച് സമമായി വീതിക്കുമായിരുന്നു. അവർ എന്നിൽനിന്നുള്ളവരും ഞാൻ അവരിൽനിന്നുള്ളവനുമാണ്. (സ്വഹീഹ് ബുഖാരി വാല്യം 4, കിതാബുശ്ശിർക്കത്തി, പ്രസാധനം 2008 ഖാദിയാൻ)

**നബി(സ)തിരുമേനിയുടെ അനുഗൃഹീത കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ ജീവിതത്തിനുവേണ്ടി തങ്ങളുടെ ജീവിതങ്ങൾ സ്വഹാബത്ത് വഖ്ഫു ചെയ്യാറുണ്ടായിരുന്നു. എനിക്കത്ഭുതം തോന്നുന്നു! എന്തുകൊണ്ട് മുസ്‌ലിമീങ്ങൾ ഇസ്‌ലാമിന്റെ സേവനത്തിന് അല്ലാഹുവിന്റെ വഴിയിൽ തങ്ങളുടെ ജീവിതം വഖ്ഫു ചെയ്യുന്നില്ല, ഇതു നഷ്ടക്കച്ചവടമല്ല. പ്രത്യുത അനുമാനിക്കാൻ പറ്റാത്ത ലാഭക്കച്ചവടമാണ്. മുസ്‌ലിമീങ്ങൾ, അല്ലാഹുവിനുവേണ്ടി, അവന്റെ ദീനിനുവേണ്ടി തന്റെ ജീവിതം വഖ്ഫുചെയ്യുന്നവന് ഈ കച്ചവടത്തിൽ കിട്ടുന്ന നേട്ടങ്ങളും ലാഭങ്ങളും അറിഞ്ഞിരുന്നെങ്കിൽ!**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**അല്ലാഹുവിന്റെ വഴിയിൽ ജീവിതം വഖ്ഫു ചെയ്യുക.**

അല്ലാഹുവിന്റെ വഴിയിൽ ജീവിതം വഖ്ഫുചെയ്യുക എന്നത് മനുഷ്യന് അത്യന്താപേക്ഷിതമാണ്. ഇന്ന ആര്യസമാജക്കാരൻ ആര്യസമാജത്തിനുവേണ്ടി തന്റെ ജീവിതം വഖ്ഫുചെയ്തുവെന്ന് ഞാൻ ചില പത്രങ്ങളിൽ വായിച്ചിട്ടുണ്ട്;ഇന്ന പാതിരി തന്റെ ആയുസ്സ് മതത്തിന് നല്കി. എന്തുകൊണ്ട് മുസ്‌ലിമീങ്ങൾ ഇസ്‌ലാമിന് സേവനം ചെയ്യാൻ അല്ലാഹുവിന്റെ വഴിയിൽ ജീവിതം വഖ്ഫു ചെയ്യുന്നില്ലെന്ന് കണ്ട് എനിക്കത്ഭുതം തോന്നുന്നു. നബി(സ)തിരുമേനിയുടെ അനുഗൃഹീത കാലഘട്ടത്തിൽ ദൃഷ്ടി പായിച്ചു നോക്കുക. എന്നാൽ, ഇസ്‌ലാമിന്റെ ജീവിതത്തിനുവേണ്ടി സ്വഹാബത്ത് തങ്ങളുടെ ജീവിതങ്ങൾ എങ്ങനെയാണ് വഖ്ഫു ചെയ്തിരുന്നതെന്ന് മനസ്സിലാകുന്നതാണ്.

ഓർമിക്കുക!ഇതു നഷ്ടക്കച്ചവടമല്ല. പ്രത്യുത അനുമാനിക്കാൻ പറ്റാത്ത ലാഭക്കച്ചവടമാണ്. മുസ്‌ലിമീങ്ങൾ, അല്ലാഹുവിനുവേണ്ടി, അവന്റെ ദീനിനുവേണ്ടി തന്റെ ജീവിതം വഖ്ഫുചെയ്യുന്നവന് ഈ കച്ചവടത്തിൽ കിട്ടുന്ന നേട്ടങ്ങളും ലാഭങ്ങളും അറിഞ്ഞിരുന്നെങ്കിൽ!അവൻ തന്റെ ജീവിതം നഷ്ടപ്പെടുത്തിക്കളയുകയാണോ? ഒരിക്കലുമല്ല. ഫലഹൂ അജ്റഹു ഇൻദ റബ്ബിഹീ വലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ(2:113) അല്ലാഹുവിനുവേണ്ടിയുള്ള ഈ വഖ്ഫിന്റെ പ്രതിഫലം അവന്റെ റബ്ബ് കൊടുക്കുന്നതാണ്. ഈ വഖ്ഫ് അഥവാ ജീവാർപ്പണം എല്ലാ തരത്തിലുള്ള വിഷമങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും മുക്തി നല്കുന്നതും മോചനം നല്കുന്നതുമാണ്.

എനിക്ക് അത്ഭുതം തോന്നുകയാണ്, എല്ലാ ഓരോ മനുഷ്യനും സ്വാഭാവികമായും സൗഖ്യവും സന്തോഷവും ആഗ്രഹിക്കുന്നു. വിഷമങ്ങളിൽനിന്നും ദുഃഖങ്ങളിൽനിന്നും മോചനം ആഗ്രഹിക്കുന്നു. പിന്നെന്തുകൊണ്ടാണ് ഈ രോഗത്തിന് അനുഭവിച്ചറിഞ്ഞ ഒരു കുറിപ്പടി അവന് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കുകപോലും ചെയ്യാത്തത്. ദൈവാർപ്പണത്തിന്റെ കുറിപ്പടി 1300 വർഷമായി അനുഭവത്തിലൂടെ സ്ഥാപിതമായിട്ടുള്ളതല്ലേ? ആദരണീയരായ സ്വഹാബത്ത് ഇതേ ജീവാർപ്പണം കാരണത്താൽ പരിശുദ്ധ ജീവിതത്തിന്റെ അനന്തരാവകാശികളും അനശ്വരമായ ജീവിതത്തിന് അർഹരുമായില്ലേ? അപ്പോൾപ്പിന്നെ ഈ കുറിപ്പടിയുടെ സ്വാധീനത്തിൽനിന്ന് ഫലമെടുക്കാൻ മടിക്കാണിക്കുന്നതെന്തിനാണ്.


കാര്യമെന്താണെന്നാൽ, ആളുകൾ ഈ യാഥാർഥ്യം അറിയാത്തവരും ഈ വഖ്ഫിനുശേഷം ലഭിക്കുന്ന രുചി മനസ്സിലാക്കിയിട്ടില്ലാത്തവരും അജ്ഞരുമാണ്. ഇല്ലെങ്കിൽ അവർക്ക് ചെറിയൊരംശം മാത്രമെങ്കിലും കിട്ടിയിരുന്നെങ്കിൽ അതിരറ്റ ആഗ്രങ്ങളോടുകൂടി അവർ ഈ മൈതാനത്ത് വരുമായിരുന്നു.(മൽഫൂദാത്ത് വാല്യം 1, പേജ് 500, പ്രസാധനം 2018 ഖാദിയാൻ)

**അദ്ദേഹത്തിന്റെ ശത്രുവും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അദ്ദേഹം കരുണയുടെ ശരീരധാരിയായിരുന്നു. അദ്ദേഹത്തിന്റെ പരിചയിൽ അനുവദനീയമല്ലാത്ത രക്തത്തിന്റെ തുള്ളി വീണിരുന്നില്ല. ഭയാനകമായ പകരം വീട്ടലും അക്രമവുംകൊണ്ട് അദ്ദേഹത്തിന്റെ കരങ്ങൾ മലീമസമായിരുന്നില്ല. അദ്ദേഹം ഒരിക്കലും നഗരത്തിന് തീ കൊളുത്തിയില്ല. പരാജിതരായ രാജാക്കന്മാരെ തൂക്കിലേറ്റിയില്ല. ഇസ്കന്ദറെപോലെ രക്തപ്പുഴഒഴുക്കിയില്ല.അദ്ദേഹം ജനഹൃദയങ്ങളിൽ ശക്തിമത്തായ അഭിലാഷം ഉണ്ടാക്കിയിരുന്നു; അവർ അദ്ദേഹത്തെ സന്തോഷത്തിൽ വെക്കാൻ; അദ്ദേഹം എപ്പോഴും അവരുടെമേൽ ഭരണം നടത്തിക്കൊണ്ടിരിക്കാനും.**

***കോരിശ് രാജാവ്(ഇൗ്യൂഊ)അതായത് ദുൽഖർനയ്‌ന്റെ പ്രത്യേതകൾ***

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 84ാം വചനമായ *വ യസ്അലൂനക്ക അൻ ദിൽഖർനയ്ൻ*(അവർ നിന്നോടു ദുൽഖർനയ്നിനെ സംബന്ധിച്ച് ചോദിക്കുന്നു) എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു: കോരശിന്റെ മാഹാത്മ്യത്തിന്റെ തെളിവു എല്ലാ ചരിത്രങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. ഇതുസംബന്ധമായി എഴുതിയിരിക്കുന്നു:അദ്ദേഹത്തിന്റെ ശത്രുക്കളും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. എന്നല്ല അദ്ദേഹം ഏതെങ്കിലും ഭരണകൂടത്തിനുമേൽ ആക്രമണം നടത്തിയാൽ അദ്ദേഹത്തിന്റെ നന്മയും നീതിയും കാരണത്താൽ നഗരവാസികൾ കവാടങ്ങൾ തുറന്ന് അദ്ദേഹത്തെ പോയി കാണുമായിരുന്നു. തങ്ങളുടെ രാജാവിനെ ഉപേക്ഷിക്കുകയും ചെയ്യുമായിരുന്നു. യെശയ്യാ പ്രവാചകനും ഇതു സംബന്ധമായി തന്റെ വെളിപാടെഴുതിയിട്ടുണ്ട്. അതിലെ വാക്കുകൾ ഇപ്രകാരമാണ്: കോരിശിനുവേണ്ടി പറയുന്നു:ഇവനെന്റെ ഇടയനാകുന്നു. ഇവനെന്റെ എല്ലാ ഇഷ്ടവും പൂർത്തിയാക്കുന്നതായിരിക്കും.(അധ്യായം 24-28). അദ്ദേഹത്തിന്റെ നന്മയേയും സൽസ്വഭാവത്തേയും സംബന്ധിച്ച് ചരിത്രകാരന്മാർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളാണിത്.(ഹിസ്റ്റോറിയൻസ് ഹിസ്റ്ററി ഓഫ് ദി വേൾഡ് വാല്യം 2, പേജ് 596-ൽ) സുപ്രസിദ്ധ ചരിത്രകാരൻ ഡീനോ

(ശേഷം പേജ് 12ൽ)



## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 നവംബർ 10 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അയർലൻഡ് പര്യടനം

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- അല്ലാഹുവിന്റെ പ്രത്യേകമായസഹായം ഒപ്പമുണ്ടായിരുന്നില്ലെങ്കിൽ, അതുപോലെതന്നെ നബി(സ)തിരുമേനിയുടെ ഉണർവ് മുസ്‌ലിമീങ്ങളെ എല്ലാ സമയത്തും ജാഗരൂകരാക്കി നിറുത്തിയില്ലായിരുന്നെങ്കിൽ, നബി(സ)തിരുമേനി, ശത്രുസംഘങ്ങളെ അവർ ചാരവൃത്തി നടത്തുന്നതിനും മുമ്പേതന്നെ അവരെ ചിതറിയോടിക്കാൻ ആസൂത്രണം ചെയ്തില്ലായിരുന്നെങ്കിൽ ആ ദിവസങ്ങളിൽത്തന്നെ മുസ്‌ലിമീങ്ങളുടെ സർവനാശമുണ്ടാകുമെന്നതിൽ ഒരു സംശയത്തിനും ഇടയില്ലായിരുന്നു.
- നബി(സ)തിരുമേനി ജന്നത്തുൽബഖീയിനെ മുസ്‌ലിമീങ്ങളുടെ ഖബ്ർസ്താനായി തിരഞ്ഞെടുത്തു. അതിനുശേഷം ഇന്നുവരേയും അതിന് വ്യതിരിക്തമായ ഒരു സ്ഥാനമാണുണ്ടായിട്ടുള്ളത്. അത് എന്നെന്നും നിലനിൽക്കുന്നതുമാണ്
- ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ മദീനയിൽ വഫാത്തായ ആദ്യത്തെ മുഹാജിറായിരുന്നു.
- ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനിന്റെ വിയോഗത്തിൽ നബി(സ)തിരുമേനിക്ക് ഏറെ ദുഃഖമുണ്ടായിരുന്നു. നിവേദനത്തിൽ പറയുന്നു: വഫാത്തിനുശേഷം അദ്ദേഹത്തിന്റെ നെറ്റിയിൽ നബി(സ)തിരുമേനി ഉമ്മവെച്ചു. ആ സമയത്ത് നബി(സ)തിരുമേനിയുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.
- നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് റുഖ്‌യാ(റ)യുടെ വഫാത്തും ഹദ്റത്ത് ഉഥ്മാൻ ഗനി(റ)യുമായി ഹദ്റത്ത് ഉമ്മുകുൽഥൂം(റ)മിന്റെ നിക്കാഹും പിന്നീട് അവരുടെ വഫാത്തിനേയും കുറിച്ചുള്ള ചർച്ച.
- ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മു കുൽഥൂം വഫാത്തായപ്പോൾ പറഞ്ഞു. എനിക്ക് മൂന്നാമതൊരു മകളുണ്ടായിരുന്നെങ്കിൽ ഞാൻ അവളേയും ഉഥ്മാന് വിവാഹം ചെയ്തുകൊടുക്കുമായിരുന്നു.
- ബനീഗത്ഫാൻ യുദ്ധം, ബുഹ്റാൻ യുദ്ധം, ബനൂഹാരിഥ സരിയ്യത്ത് ഉൾപ്പെടെ ഇസ്‌ലാമിക ചരിത്രത്തിൽ ഹിജ്റ രണ്ടിലും മൂന്നിലും നടന്ന ചില സംഭവങ്ങളുടെചർച്ച.
- ഫലസ്തീനിലെ ജനങ്ങൾക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനം
- ഭൂരിഭാഗം വലിയ സർക്കാരുകളും രാഷ്ട്രീയക്കാരും ഫലസ്തീനികളുടെ ജീവന് ഒരു പ്രാധാന്യവും നല്കുന്നില്ല. അവർക്ക് തങ്ങളുടെ ലാഭേച്ഛകളാണ് വലുത്. ഏതായാലും ഇവരും ഓർക്കേണ്ടത്അല്ലാഹു ഒരു സമയംവരെ അയവുനൽകുന്നുവെന്നാണ്. ഈ ലോകം മാത്രമല്ല അടുത്ത ലോകവുമുണ്ട്.
- നമ്മളും ദുആയിൽ  ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു ഫലസ്തീനികൾക്ക് നീതി നൽകിക്കൊണ്ട് ഈ അക്രമങ്ങളിൽനിന്ന് അവർക്ക് മോചനം നൽകുമാറാകട്ടെ.
- മൻസൂറ ബാസ്മ സാഹിബ, ചൗദരി റശീദ് അഹ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2023 നവംബർ 10/1402 നുബുവ്വത്ത് 10**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി ചരിത്രത്തിലെ ബദ്ർ യുദ്ധത്തിനു ശേഷമുണ്ടായ സംഭവങ്ങളാണ് വിവരിച്ചുവരുന്നത്. ഇതിൽ ഹിജ്റ 2-ാം വർഷമുണ്ടായ പ്രധാന സംഭവങ്ങളിലൊന്ന് മദീനയിലെ *ജന്നത്തുൽ ബഖീഅ്* ഖബ്ർസ്താന്റെ സ്ഥാപനമാണ്. ജന്നത്തുൽ ബഖീഅ് ആരംഭിച്ചതുമായി ബന്ധപ്പെട്ട് ലഭ്യമായ വിശദീകരണം ഇപ്രകാരമാകുന്നു:നബി(സ) തിരുമേനി മദീനയിലെത്തിയ നേരത്ത് അവിടെ നിരവധി ഖബർസ്താനുകളുണ്ടായിരുന്നു. യഹൂദികൾക്ക് സ്വന്തമായ ഖബർസ്താനുണ്ടായിരുന്നു. അതുപോലെ അറേബ്യയിലെ വിവിധ ഗോത്രങ്ങൾക്കും സ്വന്തം ഖബർസ്താനുണ്ടായിരുന്നു. അന്ന് പരിശുദ്ധമദീന വിവിധ സ്ഥലങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അതുകൊണ്ട് ഓരോ ഗോത്രവും തങ്ങളുടെ പ്രദേശത്ത് തുറസ്സായ സ്ഥലത്ത് തങ്ങളുടെ മയ്യിത്തുകൾ ഖബറടക്കിയിരുന്നു. ഖുബായുടേത് വേറെ ഖബ്ർസ്താനായിരുന്നു. അത് ഏറെ പ്രസിദ്ധവുമായിരുന്നു. കൂടാതെ അവിടെ ചെറിയ ചെറിയ ഖബർസ്താനുകളുമുണ്ടായിരുന്നു. ബനൂളഫർ ഗോത്രത്തിന് സ്വന്തം ഖബർസ്താനുണ്ടായിരുന്നു. ബനൂസലമക്കും സ്വന്തം ഖബർസ്താനുണ്ടായിരുന്നു. മറ്റു ഖബർസ്താനുകളെ അപേക്ഷിച്ച് ബനൂസായിദക്കുണ്ടായിരുന്ന ഖബർസ്താനിലാണ് പിന്നീട് *സൂഖുന്നബി* (നബിയുടെ അങ്ങാടി) സ്ഥാപിതമായത്. ഏതൊരു സ്ഥലത്താണോ മസ്ജിദുന്നബവി നിർമിക്കപ്പെട്ടത് അവിടേയും ഈത്തപ്പനക്കൂട്ടത്തിൽ കുറച്ചു മുശ്‌രിക്കീങ്ങളുടെ ഖബ്റുകളുണ്ടായിരുന്നു. ഈ എല്ലാ ഖബ്ർസ്താനുകളിലുംവച്ച് *ബഖീഉൽഗർഖദ്* ഏറ്റവും പുരാതനവും സുപ്രസിദ്ധവുമായ ഖബ്ർസ്താനായിരുന്നു. പിന്നീട് നബി(സ)തിരുമേനി ജന്നത്തുൽബഖീയിനെ മുസ്‌ലിമീങ്ങളുടെ ഖബ്ർസ്താനായി തിരഞ്ഞെടുത്തു. അതിനുശേഷം ഇന്നുവരേയും അതിന് വേറിട്ടൊരു സ്ഥാനമാണുള്ളത്. അത് എന്നെന്നും നിലനിൽക്കുന്നതുമാണ്. ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ അബീ റാഫിഅ് നിവേദനം. നബി(സ)തിരുമേനി, മുസ്‌ലിമീങ്ങളുടെ മാത്രം ഖബ്റുകൾ അടക്കാൻ പറ്റിയ ഒരു സ്ഥലം അന്വേഷിക്കുകയായിരുന്നു. ഈ ആവശ്യത്തിനുവേണ്ടി നബി(സ)തിരുമേനി വിവിധ സ്ഥലങ്ങൾ നോക്കുകയുണ്ടായി. അവിടന്ന് അവ പോയിക്കാണുകയും ചെയ്തിരുന്നു. ഏതായാലും ഈ ബഹുമതി *ബഖീഉൽഗർഖദി*നാണ് വിധിക്കപ്പെട്ടിരുന്നത്. നബി(സ)തിരുമേനി പറഞ്ഞു: *ബഖീഉൽഗർഖദി*നെ തിരഞ്ഞെടുക്കാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ഇതിനെ *ബഖീഉൽ ഖബ്ജബ* എന്നും പറഞ്ഞിരുന്നു. ഇതിൽ നിരവധി ഗർഖദ്(വഴുതിനയുടെ ഇനത്തിൽപ്പെട്ട വെളുത്ത പൂവുള്ള)മുൾച്ചെടികളുമുണ്ടായിരുന്നു. ഈ സ്ഥലം കൊതുകുകളേയും മറ്റു പ്രാണികളേയുംകൊണ്ട് നിറഞ്ഞിരുന്നു. ഈ സ്ഥലത്തെ മാലിന്യം കാരണം അല്ലെങ്കിൽ കാടുകാരണം കൊതുകുകൾ കൂട്ടത്തോടെ പറന്നുപൊങ്ങുമ്പോൾ, പുകമേഘം വ്യാപിച്ചതുപോലെ തോന്നുമായിരുന്നു. ഇവിടെ ഏറ്റവുമാദ്യം ഖബറടക്കപ്പെട്ടത് ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനാ(റ)യിരുന്നു.

നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഖബ്റിന്റെ തലയ്ക്കൽ ഒരു കല്ല് അടയാളമെന്ന നിലയ്ക്ക് വെച്ചുകൊണ്ടു പറഞ്ഞു: ഇദ്ദേഹം നമ്മുടെ മുന്നൊരുക്കക്കാരനാകുന്നു. ഇദ്ദേഹത്തിനുശേഷം ആര് വഫാത്തായാലും നബി(സ)തിരുമേനിയോടു എവിടെയാണ് ഖബ്ർ അടക്കേണ്ടതെന്ന് ആളുകൾ ചോദിക്കുമായിരുന്നു. അപ്പോൾ നമ്മുടെ മുന്നൊരുക്കക്കാരനായ ഉഥ്മാൻ ബിൻ മള്ഊന്റെ(റ) അടുത്ത് ഖബറടക്കുക എന്ന് നബി(സ) തിരുമേനി പറയുമായിരുന്നു. ധാരാളം മരങ്ങളുള്ള സ്ഥലത്തിനാണ് അറബിയിൽ *ബഖീഅ്* എന്നു പറയുന്നത്. ഏതായാലും മദീനയിൽ ഈ സ്ഥലം *ബഖീഉൽ ഗർഖദ്* എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഞാൻ പറഞ്ഞതുപോലെ അവിടെ ധാരാളം ഗർഖദ് മരങ്ങളു ണ്ടായിരുന്നു. കൂടാതെ അവിടെ മുൾച്ചെടികളുടെ പൊന്തക്കാടുകളുമുണ്ടായിരുന്നു. ഇത് *ജന്നത്തുൽ ബഖീഅ്* എന്ന് പറയപ്പെടുന്നു. ജന്നത്ത് എന്നതിന്റെ അർഥം അറബിയിൽ തോട്ടം, ആരാമം എന്നൊക്കെയാണ്. അതുകൊണ്ട് അനറബികൾക്കിടയിൽ ഇത് ജന്നത്തുൽ ബഖീഅ് എന്ന് അറിയപ്പെടാൻതുടങ്ങി. അബ്ദുൽ ഹമീദ് ഖാദിരി സാഹിബാണ് ഈ വിശദീകരണം എഴുതിയിട്ടുള്ളത്. തുടർന്ന് പറയുന്നു: അറബികൾ പൊതുവെ തങ്ങളുടെ ഖബറുകളേയും ശ്മശാനങ്ങളേയും ജന്നത്ത് എന്നാണ് പറയാറുള്ളത്. ഇതിന്റെ മറ്റൊരു പേര് *ജന്നത്തുൽ മഖാബിർ* എന്നുമാണ്. അത് അനറബികൾക്കിടയിൽ ഏറെ പ്രസിദ്ധമാണ്.(ജുസ്തജൂയെ മദീന, അബ്ദുൽഹമീദ് ഖാദിരി, പേജ് 598, പ്രസാധനം ഓറിയന്റൽ പബ്ലിക്കേഷൻസ് ലാഹോർ, പാക്കിസ്താൻ, 2007)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇതു സംബന്ധമായി ഇങ്ങനെ എഴുതുന്നു: ഈ വർഷം അതായത് ഹിജ്റ രണ്ടാം വർഷം അവസാനത്തിൽ നബി(സ)തിരുമേനി തന്റെ സ്വഹാബാക്കൾക്കുവേണ്ടി മദീനയിൽ ഒരു മഖ്ബറയ്ക്ക് തീരുമാനമെടുത്തു. അത് *ജന്നത്തുൽബഖീഅ്* എന്ന് അറിയപ്പെടുന്നു. അതിനുശേഷം സ്വഹാബാക്കളെ പൊതുവെ ഈ മഖ്ബറയിലാണ് അടക്കിയിരുന്നത്. ഇതിലേറ്റവുമാദ്യം ഖബറടക്കപ്പെട്ടത് ഉഥ്മാൻ ബിൻ മള്ഊൻ (റ)ആയിരുന്നു. ഉഥ്മാൻ(റ)ആദ്യകാല മുസ്‌ലിമീങ്ങളിൽപെട്ട ആളായിരുന്നു. വളരെ സാത്വികനും ദൈവാരാധകനും, സൂഫിവര്യനുമായിരുന്നു. മുസ്‌ലിമായതിനുശേഷം ഒരിക്കൽ അദ്ദേഹം നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ തികച്ചും ലോകത്തെ പരിത്യജിച്ചുകൊണ്ട് ഭാര്യാമക്കളുമായി അകന്നു ജീവിക്കുന്നതാണ്. പൂർണമായും ദൈവാരാധനക്കുവേണ്ടി മാത്രം അർപ്പണം ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. അതിനു എനിക്ക് അനുമതി തന്നാലും. പക്ഷേ, നബി(സ)തിരുമേനി അതിനുള്ള അനുമതി നൽകിയില്ല. ചിലയാളുകൾ ഭൗതികലോകത്തെ പരിത്യജിക്കാതെ, നമസ്കാരം, വ്രതാനുഷ്ഠാനം തുടങ്ങിയവയിൽ എത്രമാത്രം ആധിക്യം കാണിക്കുന്നുവെന്നാൽ, അവരുമായി ബന്ധപ്പെട്ട ആളുകളുടെ അവകാശങ്ങളെ അത് ബാധിച്ചിരുന്നു. അവരെ സംബന്ധിച്ചും നബി(സ)തിരുമേനി പറയുന്നു: നിങ്ങൾ അല്ലാഹുവിന്റെ അവകാശങ്ങൾ അവന് നൽകുക; ഭാര്യാമക്കളുടെ അവകാശങ്ങൾ അവർക്ക് നൽകുക, അതിഥിയുടെ അവകാശങ്ങൾ അതിഥിക്ക് നൽകുക, തന്റെ ആത്മാവിനുള്ള അവകാശങ്ങൾ അതിനും നൽകുക. കാരണം ഈ അവകാശങ്ങളെല്ലാം അല്ലാഹു നിർണയിച്ചവയാകുന്നു. ഇത് പ്രാവർത്തികമാക്കുന്നത് ഇബാദത്തിൽപ്പെട്ടതാണ്. ഈ അവകാശങ്ങൾ നിറവേറ്റുന്നതും ഇബാദത്തിൽപ്പെടുന്നു. അങ്ങനെ നബി(സ)തിരുമേനി ഉഥ്മാൻ ബിൻ മള്ഊന് (റ)ഭൗതികലോകത്തെ പരിത്യജിക്കാൻ അനുമതി നൽകിയില്ല. ഇസ്‌ലാമിൽ തബ്ത്തുലും റഹ്ബാനിയത്തും(ബ്രഹ്മചര്യവും സംന്യാസവും) അനുവദനീയമല്ലെന്ന് പറഞ്ഞുകൊണ്ട് നബി(സ) തിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി അമിതത്വവും അതിമിതത്വവുമല്ലാത്ത മധ്യമസ്ഥിതിയുടെ വഴി സ്ഥാപിച്ചു.

ഉഥ്മാൻ ബിൻ മള്ഊനിന്റെ(റ)വിയോഗത്തിൽ നബി(സ)തിരുമേനിക്ക് ഏറെ ദുഃഖമുണ്ടായിരുന്നു. നിവേദനത്തിൽ പറയുന്നു: വഫാത്തിനുശേഷം അദ്ദേഹത്തിന്റെ നെറ്റിയിൽ നബി(സ)തിരുമേനി ഉമ്മവെച്ചു. ആ സമയത്ത് നബി(സ)തിരുമേനിയുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ഖബറടക്കിയതിനുശേഷം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ തലഭാഗത്ത് ഒരു കല്ല് വെച്ചു. പിന്നെ ഇടയ്ക്കിടെ ജന്നത്തുൽ ബഖീയിൽപോയി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തിരുന്നു. മദീനയിൽ വഫാത്തായ ആദ്യത്തെ മുഹാജിറായിരുന്നു അദ്ദേഹം.(സീറത്തു ഖാത്തമുന്നബിയ്യീൻ, പേജ് 462-463)

ഇനി ഞാൻ ഗസ്‌വത്ത് ദീ അംറ് അല്ലെങ്കിൽ ഗസ്‌വത്ത് ബനീ ഗസ്‌വാനിനെ കുറിച്ച് പറയുകയാണ്. (നബി(സ)തിരുമേനി പങ്കെടുത്ത യുദ്ധത്തിന് ഗസ്‌വത്തെന്നും, സ്വഹാബാക്കളെ മാത്രം അയച്ചിരുന്ന യുദ്ധങ്ങൾക്ക് സരിയ്യത്തുകളെന്നും സാധാരണയായി ചരിത്രകാരന്മാർ പറഞ്ഞുവരുന്നു.വിവ:)

ഗത്ഫാൻ ഗോത്രത്തിന്റെ ശാഖകളായ ബനൂ ഥഅ്‌ലബയും, ബനൂ മുഹാരിബും ദീഅംറ് എന്ന സ്ഥലത്ത് സംഘടിക്കുന്നതായി നബി(സ)തിരുമേനിക്ക് അറിവ് ലഭിച്ചു. ഇത് ഗത്ഫാൻ പ്രദേശത്തുള്ള ഒരു സ്ഥലമാകുന്നു. മദീനാ പ്രവശ്യക്ക് ചുറ്റുപാടുമുണ്ടായിരുന്ന പ്രദേശങ്ങളെ ആക്രമിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇവരെ ഒരുമിച്ചുകൂട്ടി മുസ്‌ലിമീങ്ങൾക്കെതിരിൽ ഇളക്കിവിട്ടത്, ബനൂ മുഹാരിബിലെ ദുഅ്ഥൂർ ബിൻ ഹാരിഥ് എന്ന വ്യക്തിയായിരുന്നു. ഈ വാർത്ത കിട്ടിയയുടൻതന്നെ നബി(സ)തിരുമേനി ജനങ്ങളോട് തയ്യാറാകാൻ കൽപിക്കുകയും 450 സ്വഹാബാക്കളുടെ ഒരു സൈന്യവുമായി മദീനയിൽനിന്ന് പുറപ്പെടുകയും ചെയ്തു. അവരുടെ പക്കൽ ഏതാനും കുതിരകളുമു ണ്ടായിരുന്നു. മദീനയിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനെയാണ് പ്രതിനിധിയാക്കിയത്.(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 290, ദാറുൽകുതുബുൽ ഇൽമിയ്യ)(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 176, ദാറുൽകുതുബുൽ ഇൽമിയ്യ)

ഹിജ്റ മൂന്നാം വർഷം റബീഉൽ അവ്വൽ മാസത്തിലാണ് ഗത്ഫാൻ യുദ്ധമുണ്ടായത്. റബീഉൽ അവ്വൽ 12-ന് നബി(സ)തിരുമേനി ഇതിനുവേണ്ടി പുറപ്പെട്ടു. 11 ദിവസം മദീനക്കാർക്ക് നബി(സ) തിരുമേനിയുടെ അഭാവം സഹിക്കേണ്ടതായിവന്നു. തുടർന്ന് നബി(സ)തിരുമേനി റബീഉൽ അവ്വൽ 24-ന് തിരിച്ചെത്തി. നബി(സ)തിരുമേനി ഗത്ഫാനിനെ തുരത്തുന്നതിനുവേണ്ടി തമ്പടിച്ചത് ദീഅംറ് എന്ന സ്ഥലത്തായിരുന്നു. അതുകൊണ്ട് ഈ യുദ്ധം ദീഅംറ് യുദ്ധമെന്നും ഗത്ഫാൻ ഗോത്രം അതിന് നിമിത്തമായതുകൊണ്ട് ഗത്ഫാൻ യുദ്ധമെന്നും അറിയപ്പെടുന്നു.(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 290, ദാറുൽകുതുബുൽ ഇൽമിയ്യ)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലഹി(സ), വാല്യം 6, പേജ് 367-368, മക്തബ് ദാറുൽമആരിഫ് ലാഹോർ)

മുശ്‌രികീങ്ങൾ സംഘടിക്കുന്നതിന്നെതിരിൽ നബി(സ)തിരുമേനി പുറപ്പെട്ടതിനെ സംബന്ധിച്ചുള്ള വിശദീകരണത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

മദീനയിൽനിന്ന് പുറപ്പെട്ടതിനുശേഷം ദുൽഖസ്സ എന്ന സ്ഥലത്തുവച്ച് ബനൂ ഥഅ്‌ലബയിലെ ഒരാളെ സ്വഹാബാക്കൾ കണ്ടുമുട്ടി. ദുൽഖസ്സ, റബ്ദയുടെ വഴിയിൽ മദീനയിൽ നിന്ന് 24 മൈൽ അകലെയുള്ള സ്ഥലമാണ്. അയാളുടെ പേര് ജബ്ബാർ എന്നായിരുന്നു. സ്വഹാബാക്കൾ അയാളെ പിടിച്ചുകെട്ടി. അയാളോട് എങ്ങോട്ടാണ് പോകുന്നതെന്ന് ചോദിച്ചു. യഥ്‌രിബിലേക്കാണ് പോകുന്നതെന്നും ഉപജീവനം തേടി പോകുകയാണെന്നും അയാൾ പറഞ്ഞു. അങ്ങനെ അയാളെ നബി(സ) തിരുമേനിയുടെ മുന്നിൽ കൊണ്ടുവന്നു. അയാൾ നബി(സ)തിരുമേനിയോടു തന്റെ ഗോത്രത്തിന്റെ അവസ്ഥകളെ പറ്റി പറഞ്ഞു. നബി(സ)തിരുമേനി അയാളോടു ഇസ്‌ലാം സ്വീകരിക്കാൻ അഭ്യർഥിച്ചപ്പോൾ അയാൾ ഉടൻതന്നെ മുസ്‌ലിമായി. നബി(സ)തിരുമേനി ബനൂഥഅ്‌ലബയേയും ബനൂ മുഹാരിബിനേയും നേരിടാൻ പുറപ്പെട്ടിരിക്കുകയാണെന്ന് അറിഞ്ഞപ്പോൾ അയാൾ നബി(സ) തിരുമേനിയോടു പറഞ്ഞു: അവർ ഒരിക്കലും അങ്ങയെ നേരിടുന്നതല്ല. അങ്ങയുടെ വരവിനെ കുറിച്ച് അറിഞ്ഞാൽ അവർ ഒളിച്ചോടി മലമുകളിൽ കയറിപ്പോകുന്നതാണ്. മദീനക്ക് ചുറ്റിലും അവർ ആക്രമണം നടത്താൻ ആഗ്രഹിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, മുസ്‌ലിമീങ്ങളെ അവർക്കു നേരിടാൻ കഴിയുന്നതല്ല. എന്നിട്ട് പറഞ്ഞു: ഞാൻ അങ്ങയുടെ കൂടെ വരാം. നബി(സ)തിരുമേനി ജബ്ബാറിനെ ബിലാലിന്റെ ചുമതലയിൽ ഏൽപിച്ചു. അയാൾ മുസ്‌ലിമീങ്ങളെ മറ്റൊരു വഴിയിലൂടെ കൊണ്ടുപോയി തന്റെ നാട്ടിലെത്തിച്ചു. ഇസ്‌ലാമിക സൈന്യം വരുന്നത് കണ്ടപ്പോൾ അവിടെ ഉണ്ടായിരുന്നവരെല്ലാം ഓടിപ്പോയി മലകളിൽ കയറിക്കൂടി, അരുവിയിലെത്തുകയും അവിടെ തമ്പടിക്കുകയും ചെയ്തു. പെട്ടെന്ന് അവിടെ ശക്തമായ മഴ തുടങ്ങി. നബി(സ)തിരുമേനിയുടേയും സ്വഹാബക്കളുടേയും വസ്ത്രങ്ങൾ നനഞ്ഞു. നബി(സ)തിരുമേനി തന്റെ നനഞ്ഞ വസ്ത്രങ്ങൾ ഉണങ്ങാൻ വേണ്ടി മരത്തിൽ തൂക്കിയിട്ടു. ആ മരത്തിനു കീഴെ കിടക്കുകയുണ്ടായി. മറ്റു സ്വഹാബാക്കൾ അവരവരുടെ ജോലികളിൽ നിരതരായിരുന്നു. ഇവിടെ നബി(സ)തിരുമേനിയെ ശഹീദാക്കാനുള്ള നീചശ്രമം ശത്രുക്കൾ നടത്തുകയുണ്ടായി. ഇത് സംബന്ധിച്ച് പറയുന്നു: ഊരിപിടിച്ചവാളുമായി നിന്ന ഒരാളുടെ സംഭവമാണിത്. അവർ മലമുകളിലാണ് ഒളിച്ചത്. അവിടെനിന്ന് നബി(സ) തിരുമേനിയുടെ എല്ലാ നീക്കങ്ങളും അവർ കാണുന്നുണ്ടായിരുന്നു. മുശ്‌രികീങ്ങൾ നബി(സ) തിരുമേനി ഒറ്റക്ക് ഒരു സ്ഥലത്ത് കിടക്കുന്നത് കണ്ടപ്പോൾ അവർ തങ്ങളുടെ നേതാവായ ദുഅ്ഥൂറിന്റെ അടുക്കലെത്തി. അയാൾ അവരിൽ ഏറ്റവും മികച്ച യോദ്ധാവായിരുന്നു. മുശ്‌രികീങ്ങൾ പറഞ്ഞു:ഈ സമയത്ത് മുഹമ്മദ്(സ) തികച്ചും തനിച്ചു കിടക്കുന്നുണ്ട്. അയാളെ വകവരുത്തേണ്ടത് നിങ്ങളുടെ കടമയാണ്. മറ്റൊരു നിവേദനത്തിൽ പറയുന്നു: ദുഅ്ഥൂർ, നബി(സ)തിരുമേനി തനിച്ചൊരിടത്ത് കിടക്കുന്നത് കണ്ടപ്പോൾ പറഞ്ഞു: ഈ സമയത്ത് മുഹമ്മദ്(സ)നെ ഞാൻ കൊലപ്പെടുത്തിയില്ലെങ്കിൽ അല്ലാഹു എന്നെത്തന്നെ നശിപ്പിക്കട്ടെ. ഏതായാലും ഇത്രയും പറഞ്ഞ്, അയാൾ ഊരിപ്പിടിച്ച വാളുമായി പുറപ്പെട്ടു. നബി(സ)തിരുമേനിയുടെ തലഭാഗത്തെത്തി നിന്നു. പിന്നെ പെട്ടെന്ന് നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് ചോദിച്ചു: ഇന്ന്, ഇപ്പോൾ ആരാണ് നിന്നെ എന്റെ കൈയിൽനിന്ന് രക്ഷിക്കുക? നബി(സ)തിരുമേനി വളരെ ശാന്തനായി പറഞ്ഞു: അല്ലാഹു, എന്നെ നിന്നിൽനിന്ന് സംരക്ഷിക്കുന്നതാണ്.അതുകേട്ടപ്പോൾ അയാളുടെ കൈയിൽനിന്ന് വാൾ താഴെവീണു. നബി(സ) തിരുമേനി ക്ഷണത്തിൽ അയാളുടെ വാളെടുത്ത് അയാളോട് ചോദിച്ചു: പറയുക!ഇനി നിന്നെ എന്റെ കൈയിൽനിന്ന് ആരാണ് രക്ഷിക്കുക.അപ്പോൾ ദുഅ്ഥൂർ പറഞ്ഞു:ലാ അഹദുൻ. വ അനാ അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹ് വ അന്ന മുഹമ്മദൻ റസൂലല്ലാഹ് വല്ലാഹി ലാ ഉകഥ്ഥിറു അലയ്ക്ക ജംഅൻ അബദാ ആരുമില്ല, എന്നെ ആർക്കും രക്ഷിക്കാൻ കഴിയില്ല. അല്ലാഹു ഏകനാണെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവാണ! മേലിലൊരിക്കലും ഞാൻ താങ്കൾക്കെതിരിൽ ആളുകളെ സംഘടിപ്പിക്കുന്നതല്ല. ഇങ്ങനെ അയാൾ ശപഥം ചെയ്തു. നബി(സ)തിരുമേനി അയാളുടെ വാൾ അയാൾക്കുതന്നെ കൊടുക്കുകയുണ്ടായി. മറ്റൊരു നിവേദനത്തിൽ പറയുന്നു: ദുഅ്ഥൂർ, നബി(സ)തിരുമേനിയോടു പറഞ്ഞു: അല്ലാഹുവാണ! ഔദാര്യം ചെയ്യുന്ന കാര്യത്തിൽ അങ്ങ് എന്നും ഉത്തമനാകുന്നു. നബി(സ)തിരുമേനി അയാൾക്ക് മറുപടി നല്കിക്കൊണ്ടു പറഞ്ഞു: *അന അഹഖ്ഖു ദാലിക്ക മിൻക* ഞാൻ ഇക്കാര്യത്തിൽ നിന്നോട് ഔദാര്യം കാണിക്കാൻ ഏറെ കടമപ്പെട്ടവനാകുന്നു. ദുഅ്ഥൂർ തന്റെ ജനതയുടെ അടുക്കൽ തിരിച്ചെത്തി. പക്ഷേ, അയാളുടെ അവസ്ഥ മാറിയിരുന്നു. അയാൾ തന്റെ ജനങ്ങൾക്ക് തബ്ലീഗ് ചെയ്യാൻ തുടങ്ങി. ദുഅ്ഥൂർ തനിക്കുണ്ടായ കാര്യങ്ങൾ വിവരിച്ചു. താൻ വീണതിനെപ്പറ്റി അയാൾ ഇപ്രകാരം വിവരിച്ചു. ഞാൻ അവിടെ നല്ല പൊക്കമുള്ള ഒരാളെ കണ്ടു. ഞാൻ അവിടെ വാളുയർത്തി നിന്നപ്പോൾ വളരെ പൊക്കമുള്ള ഒരാൾ അവിടെ വന്നതായി കാണുകയുണ്ടായി. അയാൾ എന്റെ നെഞ്ചിൽ പിടിച്ച് തള്ളിയപ്പോൾ ഞാൻ മലർന്നടിച്ചു വീണു. അയാൾ കൈകൊണ്ട്

അടിച്ചപ്പോൾ ഞാൻ മലർന്നടിച്ചു വീഴുകയുണ്ടായി. അപ്പോൾ അതൊരു മനുഷ്യനല്ലെന്നും മലക്കാണെന്നും അങ്ങനെ ഞാൻ അപ്പോൾതന്നെ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ്(സ)അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം പറഞ്ഞു. പറയുന്നു, അല്ലാഹുവാണ! ഞാൻ ഇനിമേലിൽ അദ്ദേഹത്തിന്നെതിരിൽ ഒരു നീക്കവും നടത്തുന്നതല്ല. തുടർന്ന് അയാൾ തന്റെ സമൂഹത്തിനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ തുടങ്ങി. അല്ലാഹു അയാൾ മുഖേന നിരവധി ആളുകൾക്ക് സന്മാർഗ്ഗം നൽകുകയുണ്ടായി.

തുടർന്ന് നബി(സ)തിരുമേനി മദീനയിൽ തിരിച്ചുവന്നു. എവിടേയും ഒരു പോരാട്ടവുമുണ്ടായില്ല. ഈ യുദ്ധത്തിനുവേണ്ടി നബി(സ)തിരുമേനി 11 ദിവസമാണ് മദീനക്കു വെളിയിൽ തങ്ങിയത്. ഒരു നിവേദന പ്രകാരം 15 ദിവസം മദീനക്ക് വെളിയിലായിരുന്നുവെന്ന് പറയുന്നുണ്ട്. അബൂ ഉമർ പറയുന്നു: നബി(സ)തിരുമേനി നജദിൽ സ്വഫർ മാസം മുഴുവനും തങ്ങുകയുണ്ടായി. ഇതൊക്കെ വ്യത്യസ്ത നിവേദനങ്ങളാണ്. ഏതായാലും ഇത് ഏതാനും ദിവസത്തെ യാത്രയായിരുന്നു.

നേരത്തെ പറഞ്ഞ നബി(സ)തിരുമേനിക്കു നേരെ വാളുയർത്തിയ സംഭവത്തെ, നബി(സ)തിരുമേനിയെ വധിക്കാനുള്ള ശ്രമത്തെ ദാത്തുർരിക്കാഅ് സംഭവവുമായി ചേർത്തുകൊണ്ട് ഒരേ സംഭവമാണെന്ന് ചില പണ്ഡിതന്മാർ പറയുന്നുണ്ട്. എന്നാൽ, ഭൂരിഭാഗം ഗവേഷകരും ഇതു രണ്ടും വ്യത്യസ്ത യുദ്ധ നീക്കങ്ങളായിരുന്നുവെന്നാണ് പറയുന്നത്. ദാത്തുർരിക്കാഅ് യുദ്ധത്തിൽ ആക്രമണം നടത്തിയ ആളുടെ പേര് ഗൗറഥ് എന്ന് പറയുന്നു. ഇയാൾ ഇസ്‌ലാം സ്വീകരിച്ചുവെന്നും ഇല്ലെന്നും പറയപ്പെടുന്നുണ്ട്. ഏതായാലും അയാൾ നബി(സ)തിരുമേനിക്കെതിരിൽ വരികയില്ലെന്ന് ശപഥം ചെയ്യുകയുണ്ടായി. ബുഖാരിയിലും ഈ നിവേദനമാണുള്ളത്.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 290, ദാറുൽകുതുബുൽ ഇൽമിയ്യ)(സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 176, ദാറുൽകുതുബുൽ ഇൽമിയ്യ)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 71, മക്തബ ദാറുൽ മആരിഫ്)(ശറഹ് അസ്സർഖാനി, വാള്യം 2, പേജ് 381-382, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്‌വത്തുർരിഖാഅ്, ഹദീഥ് 436)

ഇക്കാലഘട്ടത്തിലെ സംഭവങ്ങളിലൊന്ന് ഹദ്റത്ത് റുഖിയാ(റ)യുടെ വഫാത്തും ഹദ്റത്ത് ഉമ്മു കുൽഥൂമി(റ)ന്റെ വിവാഹവുമാണ്. ഇതിന്റെ വിശദീകരണം ഇപ്രകാരമാകുന്നു. അബ്ദുല്ലാഹ് ബിൻ മുകനിഫ് ബിൻ ഹാരിഥ അൻസ്വാരി(റ)നിവേദനം. നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിന് പുറപ്പെട്ടപ്പോൾ ഹദ്റത്ത് ഉഥ്മാനെ തന്റെ മകൾ ഹദ്റത്ത് റുഖിയാ(റ)യുടെ അടുക്കൽ നിറുത്തുകയുണ്ടായി. അവർ രോഗിയായിരുന്നു. ബദ്റിൽ നബി(സ)തിരുമേനിക്കു അല്ലാഹു നൽകിയ വിജയവാർത്തയുമായി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ മദീനയിലെത്തിയ ദിവസമാണ് അവർ വഫാത്തായത്. ഹദ്റത്ത് ഉഥ്മാന് നബി(സ)തിരുമേനി സമരാർജിത(അമാനത്ത്)സ്വത്തുക്കളിൽ വിഹിതം നിശ്ചയിച്ചിരുന്നു. അദ്ദേഹത്തിന്റെ വിഹിതവും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവർക്ക് സമാനമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് റുഖിയാ(റ)യുടെ വഫാത്തിനുശേഷം തന്റെ മകൾ ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വിവാഹം ഹദ്റത്ത് ഉഥ്മാനുമായി നടത്തുകയുണ്ടായി.(അത്ത്വബഖാത്തുൽകുബ്റാ ലഇബ്നി സഅ്ദ്, ഭാഗം 3, പേജ് 41, ദിക്റു ഇസ്‌ലാം ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1990) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി, ഹദ്റത്ത് ഉഥ്മാനെ മസ്ജിദിന്റെ കവാടത്തിൽവച്ച് കണ്ടുമുട്ടിയപ്പോൾ പറഞ്ഞു:ഉഥ്മാൻ, ഇത് ജിബ്രീലാകുന്നു, അദ്ദേഹം എന്നോട് പറയുന്നു, അല്ലാഹു ഉമ്മുകുൽഥൂമിന്റെ നിക്കാഹ് റുഖിയായുടെ അത്രതന്നെ മഹ്റിലും അവളോടുള്ള നിങ്ങളുടെ സൽപെരുമാറ്റം കാരണവും നടത്തിയാലും.(സുനൻ ഇബ്നുമാജ ഇഫ്തിതാഹുൽകിതാബ് ഫള്ൽ ഉഥ്മാൻ(റ), ഹദീഥ് നമ്പർ 110). റുഖിയായുടെ മഹ്റിൽത്തന്നെ നിങ്ങളുടെ വിവാഹം നടത്തിയിരിക്കുന്നു. അതായത്, രണ്ടാമത്തെ മകളുടെ വിവാഹവും ഹദ്റത്ത് ഉഥ്മാനുമായി നടത്താൻ അല്ലാഹു പറഞ്ഞിരിക്കുന്നു. ഹദ്റത്ത് ആഇശ(റ)വിവരിച്ചു:നബി(സ)തിരുമേനി ഉമ്മുകുൽഥൂമിന്റെ വിവാഹം ഹദ്റത്ത് ഉഥ്മാനുമായി നടത്തിയപ്പോൾ അവിടന്ന്(സ)ഹദ്റത്ത് ഉമ്മുഅയ്മനോടു പറഞ്ഞു: എന്റെ മകൾ ഉമ്മുകുൽഥൂമിനെ അണിയിച്ചൊരുക്കി ഉഥ്മാന്റെ അടുക്കലെത്തിക്കുക. അവർക്ക് മുന്നിൽ ദഫ് മുട്ടുക. അങ്ങനെത്തന്നെ അവർ ചെയ്യുകയുണ്ടായി.

നബി(സ)തിരുമേനി മൂന്ന് ദിവസത്തിനുശേഷം ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ അടുക്കലെത്തി ചോദിച്ചു: എന്റെ മകളേ!നിന്റെ ഭർത്താവ് എങ്ങനെയുള്ളയാളാണ്? ഉമ്മു കുൽഥൂം പറഞ്ഞു: അദ്ദേഹം ഉത്തമനായ ഭർത്താവാകുന്നു.(സീറത്തു അമീറുൽമുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ ശഖ്സ്വിയ്യത്തുഹു വ അസ്റഹൂ, അലി മുഹമ്മദ് അസ്സ്വലാബി, പേജ് 41, അൽഫസ്‌ലുൽഅവ്വൽ, ദുന്നൂറയ്നി ഉഥ്മാൻ ബിൻ അഫ്ഫാൻ ബയ്നമക്കത്ത് വൽമദീനത്ത അസ്‌വാജ മിൻ ഉമ്മുകുൽഥൂം ഹിജ്റ 3, ദാറുൽമഅ്രിഫ, ബെയ്റുത്ത് 2006) ഹദ്റത്ത് ഉമ്മുകുൽഥൂം, ഹദ്റത്ത് ഉഥ്മാന്റെകൂടെ ഹിജറ 9 വരെ താമസിച്ചു. അതിനുശേഷം അവർ രോഗിയാവുകയും മരണപ്പെടുകയുമുണ്ടായി. നബി(സ)തിരുമേനി അവരുടെ ജനാസ നമസ്കരിപ്പിച്ചു. അവരുടെ ഖബ്റിന്നരികിൽ ഇരുന്നു. ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് കുൽഥൂമിന്റെ ഖബ്റിന്നരികിൽ കണ്ണീർവാർത്തുകൊണ്ട് ഇരിക്കുന്നത് ഞാൻ കണ്ടു.(സീറത്തു അമീറുൽമുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ ശഖ്സ്വിയ്യത്തുഹു വ അസ്റഹൂ, അലി മുഹമ്മദ് അസസ്സ്വലാബി, പേജ് 42, അൽമുബഹഥുഥ്ഥാലിഥ് മുലാസിമത്തുഹു ലിന്നബിയ്യി(സ) ഫിൽമദീനത്തി/വഫാത്തു ഉമ്മുകുൽഥൂം, ദാറുൽമഅ്രിഫ, ബെയ്റുത്ത് 2006) ബുഖാരിയുടെ ഒരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ വിവരിച്ചിരിക്കുന്നു:ബിലാൽ(റ) ഹദ്റത്ത് അനസ് ബിൻ മാലിക്കിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനിയുടെ മകളുടെ ജനാസയിൽ ഞങ്ങൾ പങ്കെടുത്തിരുന്നു. അനസ് പറയുന്നു:നബി(സ)തിരുമേനി ഖബ്റിന്നടുത്ത് ഇരിക്കുകയായിരുന്നു. അവിടത്തെ ഇരുകണ്ണുകളിൽനിന്നും കണ്ണുനീരൊഴുകുന്നത് ഞാൻ കണ്ടു.(സ്വഹീഹുൽബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1342)

ഒരു നിവേദനത്തിലുണ്ട്: ഹദ്റത്ത് ഉമ്മു കുൽഥൂം വഫാത്തായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു. എനിക്ക് മൂന്നാമതൊരു മകളുണ്ടായിരുന്നെങ്കിൽ ഞാൻ അവളേയും ഉഥ്മാന് വിവാഹം ചെയ്തുകൊടുക്കുമായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 41, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1990)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി ഒരിടത്തൂടെ നടന്നുപോകുമ്പോൾ ഹദ്റത്ത് ഉഥ്മാൻ അവിടെ ഇരിക്കുന്നതു കണ്ടു. നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വേർപാടിൽ അദ്ദേഹം കരയുകയായിരുന്നു. നിവേദകൻ പറയുന്നു: നബി(സ)തിരുമേനിയുടെ കൂടെ രണ്ട് സ്നേഹിതന്മാരും അതായത് ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറുമുണ്ടായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: ഉഥ്മാനെന്തിനാണ് കരയുന്നത്? ഹദ്റത്ത് ഉഥ്മാൻ(റ)പറഞ്ഞു: യാ, റസൂലല്ലാഹ്! അങ്ങുമായുള്ള എന്റെ ജാമാതാവ് എന്ന ബന്ധം അവസാനിച്ചതിലാണ് ഞാൻ കരയുന്നത്. ഞാനുമായി വിവാഹം ചെയ്തിരുന്ന രണ്ടു പേരും വഫാത്തായി. ജാമാതാവ് എന്ന ബന്ധവുമില്ലാതായി. നബി(സ)തിരുമേനി പറഞ്ഞു. കരയേണ്ട. എന്റെ ജീവൻ ആരുടെ കൈയിലാണോ ഉള്ളത് അവനാണ! എനിക്ക് 100 പെൺമക്കളുണ്ടായിരിക്കുകയും അവർ ഓരോരുത്തരും വഫാത്താകുകയും ചെയ്യുകയാണെങ്കിലും ഒന്നിനുപിറകെ ഒന്നായി നീയുമായിത്തന്നെ അവരുടെ വിവാഹം ഞാൻ നടത്തുമായിരുന്നു. അങ്ങനെ ആ നൂറുപേരിൽ ആരും അവശേഷിക്കാതിരുന്നാലും ശരി!(കൻസുൽ ഉമ്മാൽ ഭാഗം 13, പേജ് 21, കിതാബുൽഫളാഇൽ, ഫളാഇലു അസ്സ്വഹാബത്തുഹു, ഫളാഇലു ദുന്നൂറയ്നി ഉഥ്മാൻ ബിൻ അഫ്ഫാൻ, ഹദീഥ് നമ്പർ 36201, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2004)

ഏതായാലും ഇത് സ്നേഹത്തിന്റേയും ബന്ധത്തിന്റേയും പരസ്പരമുള്ള ഒരു പ്രകടനമായിരുന്നു. ഹദ്റത്ത് ഉഥ്മാൻ, ജാമാതാവ് എന്ന ബന്ധം അവസാനിച്ചതിനാലാണ് സങ്കടപ്പെട്ടിരുന്നത്. എന്നാൽ, നബി(സ)തിരുമേനി വളരെ നല്ലനിലയിൽ സമാശ്വസിപ്പിച്ചുകൊണ്ട്, ഈ ബന്ധം നിലനിൽക്കുമെന്ന് ഉറപ്പു നൽകിക്കൊണ്ട് താങ്കൾ അസ്വസ്ഥനാകേണ്ടതില്ലെന്ന് പറഞ്ഞു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈ വിവാഹത്തെ സംബന്ധിച്ച് പറയുന്നു.

നബി(സ)തിരുമേനിയുടെ മകളും ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന്റെ ഭാര്യയുമായ റുഖിയാ(റ)യുടെ വഫാത്തിനുശേഷം നബി(സ)തിരുമേനി തന്റെ രണ്ടാമത്തെ മകൾ ഉമ്മുകുൽഥൂമിന്റെ വിവാഹവും ഹദ്റത്ത് ഉഥ്മാനുമായി നടത്തി. ഇവർ ഹദ്റത്ത് ഫാത്തിമയേക്കാൾ മൂ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ത്തതും റുഖിയായെക്കാൾ ചെറുതുമായിരുന്നു. ഈ (രണ്ട് വിവാഹങ്ങൾ) കാരണത്താലാണ് ഹദ്റത്ത് ഉഥ്മാനെ ദുന്നൂറയ്ൻ 'രണ്ട് പ്രകാശമുള്ളവൻ'എന്ന് പറയുന്നത്. ഉമ്മുകുൽഥൂമിന്റെ ഇത് രണ്ടാമത്തെ വിവാഹമായിരുന്നു. നബി(സ) തിരുമേനിയുടെ പിതൃവ്യനായ അബൂലഹബിന്റെ രണ്ട് ആൺമക്കളുമായി അവരുടേയും അവരുടെ സഹോദരി റുഖിയയുടേയും നിക്കാഹ് നടന്നിരുന്നു. എന്നാൽ, വീടുകൂടുന്നതിനു മുമ്പേ മതപരമായ എതിർപ്പുകാരണം ഈ ബന്ധം ഒഴിവായി. നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാനുമായി ആദ്യം റുഖിയയുടെ വിവാഹം നടത്തി. റുഖിയയുടെ വഫാത്തിനുശേഷം ഉമ്മു കുൽഥൂമുമായും വിവാഹം നടത്തുകയുണ്ടായി. എന്നാൽ, ഖേദകരമെന്ന് പറയട്ടെ, ഈ രണ്ട് മക്കളുടേയും തലമുറ ഉണ്ടായില്ല. ഉമ്മു കുൽഥൂമിന് മക്കളൊന്നും ഉണ്ടായില്ല. റുഖിയയുടെ മകൻ അബ്ദുല്ലാഹ് ആറാമത്തെ വയസ്സിൽ മരണപ്പെട്ടു. ഉമ്മു കുൽഥൂമിന്റെ വിവാഹം ഹിജ്റ മൂന്നാം വർഷം റബീഉൽ അവ്വൽ മാസമാണ് നടന്നത്.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 463-464)

ഈ കാലഘട്ടത്തിലെ സംഭവങ്ങളിലൊന്നാണ് ബുഹ്റാൻ യുദ്ധം. ഇതിനെ ഫുറുഅ് യുദ്ധമെന്നും ബനൂസുലയിം യുദ്ധമെന്നും പറയാറുണ്ട്. ബുഹ്റാൻ, ഫുറുഅ് താഴ്‌വരയുടെ പ്രാന്തപ്രദേശത്ത് ഹിജാസിന്റെ ഒരു ഖനിയാകുന്നു. ഫുറുഅ് താഴ്‌വര മദീനയിൽനിന്ന് 96 മൈൽ ദൂരെ സ്ഥിതിചെയ്യുന്നു. ബനൂ സുലയ്മിലെ വളരെയേറെ ആളുകൾ ബുഹ്റാനിൽ ഒരുമിച്ചു കൂടുന്നുവെന്നറിഞ്ഞപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമ്മി മക്തൂമിനെ മദീനയിൽ തന്റെ പ്രതിനിധിയായി നിയമിച്ചുകൊണ്ട്, മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉമറിനെ പ്രതിനിധിയായി നിശ്ചയിച്ചുകൊണ്ട് 300 സ്വഹാബാക്കളെയുംകൂട്ടി ബുഹ്റാനിലേക്ക് പുറപ്പെട്ടു. പക്ഷേ, നബി(സതിരുമേനി പുറപ്പെടുന്നതിന്റെ കാരണം വ്യക്തിമാക്കിയിരുന്നില്ല. ഇസ്‌ലാമിക സൈന്യം, ബുഹ്റാനിൽനിന്ന് ഒരു രാത്രി ദൈർഘ്യമുള്ളത്രയും ദൂരത്തെത്തിയപ്പോൾ അവിടെ ബനൂ സുലയ്മിലുള്ള ഒരാളെ കണ്ടുമുട്ടി. അയാൾ നബി(സ)തിരുമേനിയോടു പറഞ്ഞു: ആളുകളെല്ലാം ചിതറിപ്പോയിരിക്കുന്നു. നബി(സ)തിരുമേനി അയാളെ ഒരു സ്വഹാബിയുടെ ചുമതലയിൽ ഏൽപിച്ചു യാത്ര തുടർന്നു. അങ്ങനെ ബുഹ്റാനിലെത്തി. അവിടെ നബി(സ)തിരുമേനി ആരേയും കണ്ടില്ല. കാരണം എല്ലാവരും താന്താങ്ങളുടെ വെള്ളമുള്ള സ്ഥലങ്ങളിലേക്ക് പിരിഞ്ഞുപോയിരുന്നു. തുടർന്ന് നബി(സ)തിരുമേനി മടങ്ങിപ്പോന്നു. യുദ്ധത്തിന്റെ സാഹചര്യമുണ്ടായില്ല. നബി(സ)തിരുമേനി ഈ യുദ്ധത്തിന് ജമാദുൽ അവ്വൽ 6-ാം തിയതിയാണ് പുറപ്പെട്ടത്. 10 രാത്രി പുറത്തുകഴിഞ്ഞതിനുശേഷം ജമാദുൽ അവ്വൽ 16-ാം തിയതിയാണ് തിരിച്ചെത്തിത്.

ഇതിന് വിപരീതമായി ഇബ്നു ഇസ്ഹാഖ് ഇങ്ങനെ വിവരിക്കുന്നു: നബി(സ)തിരുമേനി ഖുറയ്ശികളുടെ കച്ചവടസംഘത്തെ തടയാനാഗ്രഹിച്ചിരുന്നു. അങ്ങനെ ബുഹ്റാനിലെത്തി. ഇത് ഹിജാസിൽ ഫുറുഅ് താഴ്‌വരയുടെ പ്രാന്തപ്രദേശത്തുള്ള ഒരു ഖനിയാകുന്നു. നബി(സ)തിരുമേനി റബീഉൽ ആഖർ, ജമാദുൽ അവ്വൽ എന്നീ രണ്ട് മാസങ്ങൾ അവിടെ തങ്ങുകയുണ്ടായി. പിന്നെ തിരിച്ച് മദീനയിലെത്തി. ഇതിനിടയിൽ ഒരു യുദ്ധസാഹചര്യവുമുണ്ടായില്ല.(ശറഹുസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ, വാള്യം 2, പേജ് 382-383 ദാറുൽകുതുബുൽ ഇൽമിയ്യ 1996)(സീറത്ത് ഇബ്നുഹിശാം, പേജ് 513, ദാറുൽകുതുബുൽ ഇൽമിയ്യ 2001)(ഫർഹങ്കെ സീറത്ത്, പേജ് 226, സവാർ അക്കാഡമി കറാച്ചി 2003)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ബുഹ്റാൻ യുദ്ധ(നീക്ക)ത്തെ പറ്റി പറയുന്നു. ദീ അംറ് യുദ്ധത്തിന് അധികകാലം കഴിയുന്നതിനുമുമ്പേ അതായത് റബീഉൽ അവ്വൽ അവസാനം ഹിജ്റ 3-ൽ നബി(സ)തിരുമേനിക്ക് ബനൂസുലയിം വീണ്ടും മദീനയുടെമേൽ മിന്നലാക്രമണം നടത്താൻ വൻതോതിൽ ആളുകളെ ഒരുമിച്ചുകൂട്ടുന്നുവെന്നും അവരോടൊപ്പം ഖുറയ്ശികളുടെ ഒരു സംഘവുമുണ്ടെന്നുമുള്ള ഭീതിജനകമായ അറിയിപ്പുകിട്ടി. നിവൃത്തിയില്ലാതെ നബി(സ)തിരുമേനി സ്വഹാബാക്കളുടെ ഒരു സംഘവുമായി വീണ്ടും മദീനയിൽനിന്ന് പുറപ്പെട്ടു. പതിവുശീലമനുസരിച്ച് അറബികളിലെ ഈ മൃഗസമാനരായ ആളുകൾ തങ്ങളുടെ ഇരയെ ഓർക്കാപ്പുറത്ത്, അശ്രദ്ധമായി കഴിയുന്ന അവസ്ഥയിൽ തക്കംപാർത്ത് ആക്രമിക്കാനാണ് ആഗ്രഹിച്ചിരുന്നത്. എന്നാൽ, നബി(സ)തിരുമേനി വരുന്നുണ്ടെന്നറിഞ്ഞപ്പോൾ അവർ നാലുപാടും ചിതറിപ്പോയി. നബി(സ)തിരുമേനി കുറച്ചുകാലം അവിടെ തങ്ങിയശേഷം തിരിച്ചുപോരുകയും ചെയ്തു.

ബനൂസുലയ്മും ബനൂഗത്ഫാനും ഇങ്ങനെ കൂടെക്കൂടെ മദീനയെ ആക്രമിക്കാൻ ഒരുമിച്ചു കൂടുന്നത് അറേബ്യൻ മണലാരണ്യത്തിലെ അപരിഷ്കൃതരും വഴക്കാളികളുമായ ഗോത്രങ്ങൾ എത്രമാത്രം ഇസ്‌ലാമിന്റെ കഠിനശത്രുക്കളാണെന്നത് വ്യക്തമാക്കുന്നുണ്ട്. ഏതെങ്കിലും അവസരം കിട്ടിയാൽ മുസ്‌ലിമീങ്ങളെ നശിപ്പിക്കണമെന്ന ചിന്തയിലായിരുന്നു അവർ കഴിച്ചുകൂട്ടിയിരുന്നത്. മുസ്‌ലിമീങ്ങളുടെ അന്നത്തെ ദുർഘടാവസ്ഥയും ഒന്നു ചിന്തിച്ചുനോക്കുക; അവർ അക്കാലഘട്ടത്തിലെ ദിവസങ്ങൾ എങ്ങനെയായിരിക്കും തള്ളിനീക്കിയിട്ടുണ്ടാവുക? ഒരുഭാഗത്ത് മക്കയിലെ ഖുറയ്ശികളെ ഇസ്‌ലാമിനോടുള്ള ശത്രുതയും ബദ്ർ യുദ്ധത്തിന് പ്രതികാരം ചെയ്യണമെന്ന മനഃസ്ഥിതിയും അന്ധരാക്കിയിട്ടുണ്ടായിരുന്നു. മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യുന്നതുവരെ സമാധാനത്തിൽ കഴിയുന്നതല്ലെന്ന് അവർ കഅ്ബയുടെ പുതപ്പിൽ പിടിച്ച് സത്യം ചെയ്തിരുന്നു. മറുഭാഗത്താണെങ്കിൽ അറേബ്യൻ മണലാരണ്യത്തിലെ രക്തദാഹികളായ മൃഗസമാനരായ ആളുകളും. അവർ ഖുറയ്ശികളുമായി ചേർന്ന് മുസ്‌ലിമീങ്ങളുടെ രക്തം കുടിക്കാൻ വെമ്പൽകൊള്ളുകയായിരുന്നു. നോക്കുക, ബദ്റിനുശേഷം ഏതാനും മാസങ്ങൾക്കകംതന്നെ മൃഗീയരായ അറേബ്യൻ ഗോത്രങ്ങളുടെ രക്തദാഹത്തിൽനിന്ന് സുരക്ഷിതരാകാൻ എത്ര പ്രാവശ്യമാണ് നബി(സ)തിരുമേനിക്ക് നേരിട്ട് യാത്ര ചെയ്യേണ്ടിവന്നത്.

സർ വില്യം മ്യൂർ ഇത് ശരിവെച്ചുകൊണ്ട് പറയുന്നു: ഇത് ശക്തമായ ചൂടുകാലമായിരുന്നു. ചൂട് അതും അറേബ്യൻ മണലാരണ്യത്തിലെ കഠിനമായ ചൂടായിരുന്നു.

അല്ലാഹുവിന്റെ പ്രത്യേകമായസഹായം ഒപ്പമുണ്ടായിരുന്നില്ലെങ്കിൽ, അതുപോലെതന്നെ നബി(സ)തിരുമേനിയുടെ ഉണർവ് മുസ്‌ലിമീങ്ങളെ എല്ലാ സമയത്തും ജാഗരൂകരാക്കി നിറുത്തിയില്ലായിരുന്നെങ്കിൽ, നബി(സ)തിരുമേനി, ശത്രുസംഘങ്ങളെ അവർ ചാരവൃത്തി നടത്തുന്നതിനും മുമ്പേതന്നെ അവരെ ചിതറിയോടിക്കാൻ ആസൂത്രണം ചെയ്തില്ലായിരുന്നെങ്കിൽ ആ ദിവസങ്ങളിൽത്തന്നെ മുസ്‌ലിമീങ്ങളുടെ സർവനാശമുണ്ടാകുമെന്നതിൽ ഒരു സംശയത്തിനും ഇടയില്ലായിരുന്നു. ഇതെല്ലാം പുറത്തുനിന്നുള്ള അപകടങ്ങളായിരുന്നു. ഇനി അകത്തുള്ള പ്രശ്നങ്ങളും ഒരു നിലക്ക് കുറവല്ലായിരുന്നു. മദീനക്കുള്ളിൽ മുസ്‌ലിമീങ്ങളുമായി ഇഴുകിച്ചേർന്ന് കഴിഞ്ഞിരുന്ന കപടവിശ്വാസികളുണ്ടായിരുന്നു. അവരെ ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ എന്ന് പറഞ്ഞാൽ അതിൽ ഒരു അതിശയോക്തിക്കും വകയില്ല. കൂടാതെ കലാപകാരികളും നിഗൂഢനീക്കം നടത്തുന്നത് ശീലമാക്കിവരുമായ യഹൂദികളുമുണ്ടായിരുന്നു. അവരുടെ ശത്രുതയുടെ ആഴവും വ്യാപ്തിയും പാരമ്യതയിലെത്തിക്കഴിഞ്ഞിരുന്നു. അല്ലാഹ്! അല്ലാഹ്! ഈ ആദ്യകാല മുസ്‌ലിമീങ്ങൾക്ക് ഇത് എത്രമാത്രം പ്രയാസങ്ങൾ നിറഞ്ഞ ദിവസങ്ങളായിരുന്നു.

അവരുടെ നാവിലൂടെതന്നെ നിങ്ങൾ കേട്ടാലും! ഹദ്റത്ത് ഉബയ് ബിൻ കഅ്ബ് നിവേദനം. അക്കാലത്ത് സ്വഹാബാക്കൾ ഭയം കാരണം ആയുധങ്ങൾ കൂടെ കരുതിയാണ് ഉറങ്ങിയിരുന്നത്. പെട്ടെന്ന് ആക്രമണങ്ങണ്ടായാലോ എന്ന് കരുതി പകലും എല്ലാ സമയത്തും ആയുധം ധരിച്ചാണ് കഴിഞ്ഞിരുന്നത്. നമുക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന കാലംവരേയും, അതുപോലെ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയപ്പെടാതെയും ജീവിക്കാൻ കഴിയുമോ എന്ന് അവർ പരസ്പരം സംസാരിച്ചിരുന്നു.

ഈ വാക്കുകളിൽ എത്രമാത്രം അസ്വസ്ഥതയും നിസ്സഹായാവസ്ഥയുമാണ് പ്രകടമായിട്ടുള്ളത്! സമാധാനത്തോടെയും സ്വസ്ഥതയോടെയുമുള്ള ജീവിതത്തിന് എത്രമാത്രം ആഗ്രഹമാണുള്ളത്. ഇതേപ്പറ്റി നീതിമാനായ ഓരോ വ്യക്തിക്കും സ്വയം മനസ്സിലാക്കാവുന്നതേയുള്ളൂ. ഇതുതന്നെയാണ് ഒരുപക്ഷേ ഇന്നുള്ളത്. പ്രത്യേകിച്ചും ഫലസ്തീനികളുടെ!

മറ്റൊരു സരിയ്യത്ത്(സ്വഹാബത്തിനെ മാത്രം അയച്ചിരുന്ന യുദ്ധം)സയ്ദ് ബിൻ ഹാരിഥയാകുന്നു. ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: ബനൂസുലയ്മിന്റെ പരാജയം, ബനൂഖയ്നഖായുടെ നാടുകടത്തൽ, സവീഖ് യുദ്ധത്തിൽ അബൂസുഫ്യാനിന്റെ ഒളിച്ചോട്ടം, ബനൂ ഗത്ഫാൻ യുദ്ധത്തിൽ ബനൂഥഅലബയുടേയും ബനൂ മുഹാരിബിന്റേയും പരാജയം എന്നിവ സൈനിക തലത്തിൽ മദീനയുടെ ഉയർന്നുവരുന്ന ശക്തിയേയാണ് കാണിക്കുന്നത്. പ്രത്യേകിച്ചും ബദ്ർ യുദ്ധത്തിൽ വിശ്വാസികളുടെ വിജയവും മുശ്‌രികീങ്ങളുടെ ദയനീയമായ പരാജയവും കാരണം ഇസ്‌ലാമിക ശത്രുക്കൾ ഏറെ അസ്വസ്ഥരായിരുന്നു. കാരണം മക്കയിൽനിന്ന് ശാമിലേക്ക് പോകാനുള്ള പ്രധാന വഴി കടന്നുപോകുന്നത് മദീനയുടെ പടിഞ്ഞാറുള്ള അംറ് ഉൾക്കടലിനടുത്തൂടെയാണ്. അബൂസുഫ്യാന്റെ കച്ചവടസംഘത്തെ മുസ്‌ലിമീങ്ങൾ ഇതുവഴിയാണ് തടയാൻ ശ്രമിച്ചത്. മദീനയുടെ ചുറ്റുവട്ടത്തുള്ള ഗോത്രങ്ങളും നബി(സ) തിരുമേനിയുമായി സൗഹൃദത്തിലായിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് മക്കമുശ്‌രിക്കീങ്ങൾ കച്ചവടത്തിനുവേണ്ടി ഈ വഴി സ്വീകരിക്കാനൊരിക്കലും തയ്യാറായിരുന്നില്ല. മുസ്‌ലിമീങ്ങൾ മുശ്‌രികീങ്ങൾക്കെതിരെ നടത്തിയ സാമ്പത്തിക ഉപരോധം കാരണം അവർ ഏറെ അസ്വസ്ഥരുമായിരുന്നു. ശാമിലേക്കുള്ള അറിയപ്പെടുന്ന വഴി ഒഴിവാക്കി അവർ മറ്റൊരു വഴി അന്വേഷിക്കാൻ തുടങ്ങി.

ഒരു ദിവസം സ്വഫ്‌വാൻ ബിൻ ഉമയ്യ മക്ക നിഷേധികളോടു പറഞ്ഞു: മുഹമ്മദും കൂട്ടാളികളും നമ്മുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. നമ്മുടെ കച്ചവടകേന്ദ്രത്തിലേക്ക് പോകുന്നതിൽ നിന്ന് നമ്മെ തടഞ്ഞിരിക്കുന്നു. ഇനി എന്തുചെയ്യണമെന്ന് ഒരു എത്തുംപിടിയും കിട്ടുന്നില്ല. അവർ സമുദ്രതീരത്തുനിന്ന് മാറാൻപോലും തയ്യാറാകുന്നില്ല. സമുദ്രതീരത്ത് വസിക്കുന്ന ഗോത്രങ്ങളും അവരുമായി രഞ്ജിപ്പിലും സൗഹാർദത്തിലുമാണ്. അവരെല്ലാം മുസ്‌ലിമീങ്ങളോടൊപ്പമാണ്. ഇ

നി നമ്മൾ എങ്ങോട്ടു പോകും? എന്തുചെയ്യും? നമ്മൾ മക്കയിൽത്തന്നെയിരുന്നാൽ നമ്മുടെ മൂല ധനവുംതിന്നു തീരുന്നതാണ്. നമ്മുടെ കൈയി ലുള്ളതെല്ലാം തീർന്നുപോകും. അതിനുശേഷം നമുക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഒന്നും ബാക്കിയാകുന്നതല്ല. ഈ സമ്പത്താണ് നമ്മൾ ചൂടുകാലത്ത് ശാമിലേക്കും തണുപ്പ് കാ ലത്ത് ഹബ്ശയിലേക്കും കൊണ്ടുപോകുന്നത്. ഇനി നമ്മളെന്തുചെയ്യും? സ്വഫ്‌വാൻ ബിൻ ഉമ യ്യായുടെ ഈ വാക്കുകൾ കേട്ടപ്പോൾ എല്ലാവ രും അസ്വസ്ഥരായിരുന്നു. അസ്‌വദ് ബിൻ മത്വ ലബ് പറഞ്ഞു: സമുദ്രതീരത്തുകൂടിയുള്ള വഴി ഒഴിവാക്കി ഇറാഖുവഴി ശാമിലേക്ക് പോകാവു ന്നതാണ്.സ്വഫ്‌വാൻ പറഞ്ഞു: ഈ വഴിയെപ്പറ്റി എനിക്ക് അറിയുകേയില്ല. അപ്പോൾ അബൂ സംഅ പറഞ്ഞു: ഈ വഴിയെപ്പറ്റി നല്ലപോലെ അറിയുന്ന ഒരു വഴികാട്ടിയെപ്പറ്റി ഞാൻ വിവരം നൽകാം. അത് ഫുറാത്ത് ബിൻ ഹയ്യാൻ ഇജ്‌ലിയാണ്. അയാൾ ഈ വഴിയിലൂടെ വന്നുപോകാറുണ്ട്. അയാൾക്ക് ഈ വഴിയെപ്പറ്റി നല്ലപോലെ അറി യുകയും ചെയ്യാം. സ്വഫ്‌വാൻ അല്ലാഹുവിനെ സത്യംചെയ്തുകൊണ്ട് പറഞ്ഞു, വളരെ നല്ലത്. അതുതന്നെയാണ് നമ്മൾ ആഗ്രഹിക്കുന്നതും. അങ്ങനെ ഫുറാത്തിനെ വിളിച്ചുവരുത്തി. അയാൾ വന്നപ്പോൾ സ്വഫ്‌വാൻ പറഞ്ഞു, ഞാൻ കച്ചവട സംഘവുമായി ശാമിലേക്ക് പോകാനാഗ്രഹിക്കു ന്നു. മുഹമ്മദ് കച്ചവടസംബന്ധമായി ഞങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കാരണം ഞങ്ങളുടെ കച്ചവടസംഘം അവരുടെ സമീപ ത്തൂടെയാണ് പോകുന്നത്. ഞാൻ ഇറാഖ് വഴി ശാമിലേക്ക് പോകാനാഗ്രഹിക്കുന്നു. ഫുറാത്ത് പറഞ്ഞു, ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന ഇ റാഖിലൂടെയുള്ള വഴിയെപ്പറ്റി മുഹമ്മദിന്റെ അ നുയായികൾക്ക് അറിവുപോലും ഉണ്ടാവുകയില്ല. ഇത് തികച്ചും വിജനമായ ഒരു പ്രദേശമാണ്.സ്വ ഫ്‌വാൻ പറഞ്ഞു, ഞാനും അതുതന്നെയാണ് ആഗ്രഹിക്കുന്നത്. അതിന്റെ വിജനത നമുക്ക് കാ ര്യമായൊരു പ്രയാസവുമുണ്ടാക്കുന്നതല്ല. കാരണം ഇപ്പോൾ തണുപ്പുകാലമായതുകൊണ്ട് വഴിയിൽ വെള്ളത്തിന്റെ ആവശ്യവും കുറവായിരിക്കും. അ ത് ഞങ്ങൾക്ക് സഹിക്കാവുന്നതേയുള്ളൂ.

അങ്ങനെ യാത്രയ്ക്കുള്ള തയ്യാറെടുപ്പുകൾ നടന്നു. അതിനുശേഷം സ്വഫ്‌വാൻ ബിൻ ഉമയ്യ കച്ചവടസംഘത്തിന് തയ്യാറെടുപ്പുകൾ നടത്താൻ എല്ലാവരോടും പറയുകയും മൂലധനം കൈയിൽ കരുതുകയും ചെയ്തു. വെള്ളിപാത്രങ്ങളും വെ ള്ളികരണ്ടികളും മറ്റു സാധനസാമഗ്രികളും കൂ ടെക്കരുതി. അബൂ സംഅയും 300 മിഥ്കാൽ സ്വർണവും വെള്ളി ബക്കറ്റുകളും നൽകി. അ യാൾക്കുവേണ്ടി കച്ചവടം നടത്താനായിരുന്നു ഇ ത്. ഒരു മിഥ്കാൽ സ്വർണം എന്നു പറഞ്ഞാൽ ഏകദേശം നാലേകാൽ അല്ലെങ്കിൽ 4.37 ഗ്രാമിന് തുല്യമാണ്. ഏതായാലും ഇതൊക്കെ നല്ലൊരു അളവിൽ കരുതിയിരുന്നു.

മറ്റൊരു നിവേദനത്തിൽ പറയുന്നു: സ്വഫ്‌വാൻ ഒരുപാട് സാധനസാമഗ്രികളുമായിട്ടാണ് പുറപ്പെ ട്ടത്. അതിൽ വെള്ളിബക്കറ്റുകളും വെള്ളിപ്പാത്ര ങ്ങളുമുണ്ടായിരുന്നു. അതിന്റെ തൂക്കം മൂവായിരം ദിർഹത്തിന് വിലമതിപ്പുള്ളതായിരുന്നു. അബൂ സുഫിയാൻ ബിൻ ഹറബും വളരെയേറെ വെ ള്ളിയുമായാണ് പുറപ്പെട്ടത്. മറ്റു ഖുറയ്ശികളും താന്താങ്ങളുടെ കച്ചവടത്തിനുവേണ്ടി സ്വർണവും വെള്ളിയും മറ്റും കച്ചവടസംഘത്തെ ഏൽപിച്ചി രുന്നു. സ്വഫ്‌വാനും അബൂസുഫിയാനും പുറമേ യും ഒരുപാടാളുകൾ കച്ചവടസംഘത്തോടൊപ്പം ചേർന്നു. അബ്ദുല്ലാഹ് ബിൻ അബീ റബിഅ, ഹുവയ്ത്വിബ് ബിൻ അബ്ദുൽഉസ്സ തുടങ്ങിയവരും ഈ കച്ചവടസംഘത്തോടൊപ്പം പുറപ്പെട്ടിരുന്നു. അങ്ങനെ ഫുറാത്ത് ബിൻ ഹയ്യാന്റെ മാർഗനിർദ്ദേ ശത്തിൽ ഇറാഖുവഴി ഖുറയ്ശികളുടെ സംഘം ശാമിലേക്ക് യാത്ര തിരിച്ചു.

സരിയ്യ യുദ്ധത്തിന്റെ തിയതിയേയും പേരിനേ യും പറ്റി പറയുന്നു: ഇത് ഹിജ്റ മൂന്നാം വർഷം ജമാദുൽ ആഖർ മാസത്തിലാണുണ്ടായത്. ഈ സരിയ്യയുടെ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ഈ നീക്കത്തെ സരിയ്യാഖറദഃ എന്നും പറയുന്നു. നജ്ദിലെ അരുവികളിലൊന്നാണ് ഖറദഃ. വളരെ കരുതലോടെയാണ് ഈ വഴി തിരഞ്ഞെടുത്തത്. തങ്ങളുടെ ഈ വഴിയും മുടങ്ങുമെന്നതിനാൽ മദീനയിൽ ഇതേപറ്റി ഒരു നിലയ്ക്കും അറിവു കിട്ടാതിരിക്കാൻ അവർ ശ്രദ്ധിച്ചിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ഇംഗിതം മറ്റൊന്നായിരുന്നു. മക്കക്കാരിൽനിന്ന് ഈ വാർത്ത മറച്ചുവെക്കാൻ കഴിയുമായിരുന്നില്ല. നുഅയിം ബിൻ മസ്ഊദ് അശ്ജയിക്ക് ഈ പദ്ധതിയെപ്പറ്റി അറിവ് ലഭിച്ചു. ഈ ദിവസങ്ങളിൽ അയാൾക്ക് എന്തോ ആവശ്യ ത്തിന് മദീനയിൽ വരേണ്ടിവന്നു. അയാൾ അന്ന് നിർമതനും മുശ്‌രിക്കുമായിരുന്നു. അയാൾ മദീ നയിൽ ബനൂനളീറിന്റെ തലവൻ കിനാന ബിൻ അബീ ഹുഖയ്ഖിന്റെയടുക്കലാണ് തങ്ങിയത്. അയാൾ നുഅയ്മിന് മദ്യം നൽകി. ഒരു സ്വ ഹാബിയായ സലീത്വ് ബിൻ നുഅ്മാൻ ബിൻ അസ്‌ലം ഇടയ്ക്കിടെ ബനൂനളീറിന്റെയടുക്കൽ വന്നുംപോയുമിരുന്നു. ഇതിനിടയിൽ അദ്ദേഹവും അവിടെയെത്തി. അവിടെ കിനാന ബിൻ അബീ ഹുഖയ്ഖും നുഅയ്മും ഇരിക്കുകയായിരുന്നു. നുഅയിം മദ്യലഹരിയിലായിരുന്നു. അതുകൊണ്ട് അയാൾക്ക് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. മദ്യലഹരിയിൽ രഹസ്യം പരസ്യമായി. അയാൾ സ്വഫ്‌വാൻ ബിൻ ഉമയ്യായുടെ നേതൃത്വത്തിൽ ഇറാഖുവഴി ശാമിലേക്ക് പോകുന്ന കച്ചവടസം ഘത്തെ കുറിച്ച് എല്ലാ കാര്യങ്ങളും പറഞ്ഞു. ഇതുകേട്ടപ്പോൾ സലീത്വ് ബിൻ നുഅ്മാൻ ആദ്യം പുറത്തിറങ്ങി നബി(സ)തിരുമേനിയുടെ അടുക്ക ലെത്തി എല്ലാ കാര്യങ്ങളും പറഞ്ഞു. നബി(സ) തിരുമേനി ഈ കാര്യങ്ങൾ അറിഞ്ഞയുടൻതന്നെ തയ്യാറെടുപ്പുകളാരംഭിക്കുകയും 100 കുതിരപ്പടയാ ളികളുടെ സൈന്യത്തെ യാത്രയാക്കി. അതിന്റെ നേതൃത്വം ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയെ ഏൽപിക്കുകയും ചെയ്തു.

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയ്ക്ക് ഏറ്റവു മാദ്യം ലഭിച്ച അവസരമായിരുന്നു ഇത്. അദ്ദേ ഹം ഏതെങ്കിലും സൈന്യത്തിന്റെ തലവനായി നിയമിക്കപ്പെട്ടാൽ ആ നടപടിയിൽ വിജയിക്കു മായിരുന്നു.

ഒരു നിവേദനത്തിൽ പറയുന്നു: നബി(സ)തി രുമേനി സയ്ദ് ബിൻ ഹാരിഥയെ നൂറ് പടയാളി കളുമായി അയച്ചു. അവർ മക്കക്കാരുടെ സംഘ ത്തിനടുത്തേക്ക് പുറപ്പെട്ട് അവരെ കണ്ടുമുട്ടി. സംഘത്തലവൻ വനത്തിൽ ഓടിമറഞ്ഞു. സ്വ ഹാബാക്കൾ ഒന്നുരണ്ടുപേരെ ബന്ദികളാക്കി സം ഘത്തിലെ സാധനസാമഗ്രികളുമായി നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ) തിരുമേനി അത് അഞ്ചു ഭാഗമാക്കി. അഞ്ചിലൊ ന്നിന്റെ മതിപ്പുവില അന്ന് രണ്ടായിരം ദിർഹമിന് തുല്യമായിരുന്നു. ബാക്കിത്തുക അതായത് നാലു ഭാഗം നബി(സ)തിരുമേനി സരിയ്യത്തിൽ പങ്കെടു ത്തവരിൽ വിതരണം ചെയ്തു.(ദാഇറയെ മആരി ഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ),വാല്യം 6, പേജ് 395-398, മക്തബ ദാറുൽ മആരിഫ്, ലാഹോർ)(കിതാബുൽമഗാസി ലിൽവാഖ്ദി, വാ ല്യം 1, പേജ് 198, മക് തബ ആലമുൽ കുതുബ്) (ഫർഹങ്കെ സീറത്ത്, പേജ് 233, സവാർഅക്കാ ഡമി കറാച്ചി 2003).

മറ്റൊരു നിവേദനത്തിൽ പറയുന്നു: സയ്ദ് വള രെ ശീഘ്രഗതിയിൽ വഴിതാണ്ടുകയുണ്ടായി. ഖു റയ്ശി സംഘം തികച്ചും അലംഭാവത്തിൽ ഖറദ എന്ന പേരുള്ള ഒരു അരുവിക്കരയിൽ തമ്പടിക്കാ നി റങ്ങിയപ്പോൾ അവരെ കാണുകയും ത്വരി തഗതിയിൽ മുന്നേറി മുഴുവൻ സംഘത്തേയും പിടികൂടുകയും ചെയ്തു. സ്വഫ്‌വാൻ ബിൻ ഉമയ്യ ക്കും കൂട്ടാളികൾക്കും ഓടി രക്ഷപ്പെടുകയല്ലാതെ വേറെ നിർവാഹമില്ലായിരുന്നു. മുസ്‌ലിമീങ്ങൾ സംഘത്തിന്റെ വഴികാട്ടിയായ ഫുറാത്ത് ബിൻ ഹയ്യാനേയും മറ്റു രണ്ടുപേരേയും പിടികൂടി. പാത്ര ങ്ങളും വെള്ളിയുമായി സംഘത്തിന്റെ പക്കലുണ്ടാ യ വലിയതോതിലുള്ള സാധനങ്ങൾ അതിന്റെ മതിപ്പുവില ഒരുലക്ഷത്തോളം വരും, ഗനീമത്ത് മുതലായി കൈയിൽവന്നു. നബി(സ)തിരുമേനി അഞ്ചിലൊന്ന് മാറ്റിവെച്ച് ബാക്കി സൈന്യത്തിലെ ആളുകളിൽവിതരണം ചെയ്തു. ഖുറയ്ശികളുടെ വഴികാട്ടി ഫുറാത്ത് ബിൻ ഹയ്യാൻ, നബി(സ) തിരുമേനിയുടെ പരിശുദ്ധകരങ്ങളിൽ ബയ്അത്ത് ചെയ്ത് ഇസ്‌ലാം സ്വീകരിച്ചു.(അർറഹീഖുൽ മഖ് തൂം മുത്തർജിം, പേജ് 337, മക്തബ സലഫിയ്യ). ഇതിന്റെ ബാക്കി ഭാഗം ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഈ കച്ചവടസംഘത്തെ തടയാൻ കാരണം മു സ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം ചെയ്യാൻ അവർ സാമഗ്രികൾ സ്വരുക്കൂട്ടുകയായിരുന്നു എന്നതാ ണ്. ഇത് ഇക്കാലത്ത് ഉപരോധം നടത്തുന്നതു പോലുള്ള ഒരു നടപടിക്രമമാണ്. ഇത് തങ്ങളുടെ ലക്ഷ്യം നിറവേറ്റാൻ വേണ്ടിയാണ് നടത്താറു ള്ളത്. എന്നാൽ, ചില സ്ഥലങ്ങളിൽ തെറ്റായ നിലയിലും ഇതു നടത്തിവരുന്നുണ്ട്. ഉദാഹര ണമായി അമേരിക്ക, ഉഗാണ്ടയ്ക്കെതിരിൽ ഉപ രോധമേർപ്പെടുത്തിയത് അവരുടെ പാർലമെന്റ് എൽ.ജി.ബി.ടി.ക്കെതിരിൽ നിയമം പാസാക്കിയ തുകൊണ്ടാണ്. ഇക്കാര്യം പറയുന്നില്ലെങ്കിലും ഇതുതന്നെയാണ് വസ്തുത. ഇതാണ് ഇവരുടെ അവസ്ഥ. ഇവർ ഇസ്‌ലാമിനെ എന്ത് അധിക്ഷേ പിക്കാനാണ്? ഏതായാലും ഇക്കാര്യങ്ങൾ ഇൻ ശാഅല്ലാഹ് ഇനിയും തുടർന്നുകൊണ്ടിരിക്കും. ഫലസ്തീനിലെ മർദ്ദിതർക്കുവേണ്ടി ദുആ ചെ

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

യ്യാൻ ഞാൻ വീണ്ടും ഉണർത്തുകയാണ്. ഇപ്പോൾ ചുരുങ്ങിയപക്ഷം ചില രാഷ്ട്രീയക്കാർ ഭയന്നുഭയന്നുകൊണ്ടാണെങ്കിലും അക്രമത്തിനെതിരിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, ചില യഹൂദികളും ഇത്തരം നടപടികളിൽ തങ്ങളുടെ വിരക്തി പ്രകടിപ്പിച്ചിരിക്കുകയാണ്. തങ്ങളെ എന്തിനാണ് ദുഷ്പ്പേരിന്നിരയാക്കുന്നതെന്ന് ഇസ്രായീലി സർക്കാരിനോട് അവർ ചോദിക്കുന്നു. എന്തായാലും ചെറിയ ചെറിയ ശബ്ദങ്ങളാണെങ്കിലും പല ഭാഗത്തുനിന്നും അന്യരും അതുയർത്താൻ തുടങ്ങിയിരിക്കുന്നു. ഇപ്പോൾ എല്ലാദിവസവും നാലു മണിക്കൂർ യുദ്ധം നിറുത്തുമെന്ന് പറയുന്നു. അതിന് പൗസ് എന്നാണ് പേര് വെച്ചിരിക്കുന്നത്. ഇത് ഫലസ്തീനികൾക്കും സഹായം എത്തുന്നതിനുവേണ്ടിയാണ്. ഇതിൽ എത്രകണ്ട് പ്രവർത്തനമുണ്ടാകുമെന്നും ഇവർ എത്രത്തോളം അക്രമങ്ങൾ പലസ്തീനികളുടെ മേൽ ചെയ്യുമെന്നും എത്ര ബോംബുകൾ വർഷിക്കുമെന്നും പടച്ചവന് മാത്രമേ അറിയുകയുള്ളൂ.

ഭൂരിഭാഗം വലിയ സർക്കാരുകളും രാഷ്ട്രീയക്കാരും ഫലസ്തീനികളുടെ ജീവന് ഒരു പ്രാധാന്യവും നല്കുന്നില്ല. അവർക്ക് തങ്ങളുടെ ലാഭേച്ഛകളാണ് വലുത്. ഏതായാലും ഇവരും ഓർക്കേണ്ടത് അല്ലാഹു ഒരു സമയംവരെ അയവുനൽകുന്നുവെന്നാണ്. ഈ ലോകം മാത്രമല്ല അടുത്ത ലോകവുമുണ്ട്. ഇവർ ഈ ലോകത്തെ പ്രയോജനമെടുത്താൽ എല്ലാം കരസ്ഥമായെന്ന് ധരിക്കുന്നു. ഈ ലോകത്തും പിടിക്കപ്പെടാവുന്നതാണ്. അടുത്തലോകത്തും പിടിക്കപ്പെടാവുന്നതാണ്. ഏതായാലും നമ്മളും ദുആയിൽ ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു ഫലസ്തീനികൾക്ക് നീതി നൽകിക്കൊണ്ട് ഈ അക്രമങ്ങളിൽ നിന്ന് അവർക്ക് മോചനം നൽകുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ജനാസ ഗായിബ് ഞാൻ നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ മൻസൂറ ബാസ്മ സാഹിബയുടേതാണ്. ഇവർ ഹമീദുർറഹ്മാൻ സാഹിബിന്റെ ഭാര്യയാകുന്നു. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവർ നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെയും ഹദ്റത്ത് സാഹിബ് സാദി അമത്തുൽ ഹഫീള് ബീഗം സാഹിബയുടേയും പൗത്രിയാകുന്നു. ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റേയും ഹദ്റത്ത് ബൂസയ്നബ് ബീഗം സാഹിബയുടേയും ദൗഹിത്രിയുമാണ്. മാത്രമല്ല മിയാ അബ്ബാസ് അഹ്മദ് ഖാൻ സാഹിബിന്റെയും അമത്തുൽ ബാരി ബീഗം സാഹിബയുടെയും പുത്രിയുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയയായിരുന്നു. നല്ല സ്വഭാവവിശേഷതയുള്ള സ്ത്രീയായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് ഇവരുടെ നിക്കാഹ് വിളംബരം നടത്തിയപ്പോൾ ചെയ്ത ഖുത്ബയിലെ ചില ഉപദേശങ്ങളിൽ നിന്ന് ചിലത് ഞാൻ കേൾപ്പിക്കാം. അദ്ദേഹം പറയുന്നു: നിക്കാഹോടുകൂടി ആൺകുട്ടിക്കും പെൺകുട്ടിക്കും അതുവരെയില്ലാതിരുന്ന ചില പുതിയ ഉത്തരാവദിത്വങ്ങൾ വന്നുചേരുന്നുണ്ട്. ഒന്ന് ഭാര്യാഭർത്താക്കന്മാരുടെ പൊതുവായ ഉത്തരവാദിത്വങ്ങളാണ്. അതായത് ഭർത്താവിന് ഭാര്യയുടെമേലും ഭാര്യയ്ക്ക് ഭർത്താവിനുമേലും അതുപോലെ രണ്ടുപേർക്കും ഒന്നിച്ചുമുള്ള ഉത്തരവാദിത്വങ്ങളും നിറവേറ്റേണ്ടതായിട്ടുണ്ട്. അത് മക്കളുമായി ബന്ധപ്പെട്ടവയുമാണ്. മക്കളെ സംബന്ധിച്ച ചില കർത്തവ്യങ്ങൾ ഭാഗിക്കപ്പെട്ടിട്ടുണ്ട്. മാതാവ് കുട്ടിക്ക് പാലൂട്ടുന്നു. പിതാവിന് ഇത് ചെയ്യാൻ കഴിയില്ല. പിതാവ് വീടിന് പുറത്തുള്ള കാര്യങ്ങൾ ശ്രദ്ധിക്കുകയും മക്കൾ പുറത്ത് ചുറ്റിക്കറങ്ങുന്ന സ്വഭാവം ഇല്ലാതെ നോക്കുകയും വേണം. സ്ത്രീയുടെ ഉത്തരവാദിത്വം വീടിനുള്ളിലാണുള്ളത്. ഏതായാലും ഇരുവരും തങ്ങളുടെ കടമകൾ നിറവേറ്റുകയാണെങ്കിൽ നിരവധി മോശപ്രവണതകളിൽനിന്ന് നമ്മുടെ കുട്ടികൾ സുരക്ഷിതരായിരിക്കും.തുടർന്ന് പറഞ്ഞു: ഈ സന്ദർഭത്തിൽ നമ്മൾ ഓതാറുള്ള ആയത്തുകളിൽ ഇത്തരം കടമകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അല്ലാഹു പറയുന്നു, ഒരു കാര്യം നിർബന്ധമാണ്. അതായത് യാ അയ്യുഹന്നാസുത്തഖൂ റബ്ബക്കും(4:2)ഇവിടെ ആയത്തിൽ ഇത്തഖുല്ലാഹ് എന്നും വന്നിട്ടുണ്ട്. ഒരുപാട് സന്ദർഭങ്ങളിൽ തഖ്‌വയെപ്പറ്റി പറഞ്ഞിട്ടുണ്ട്. പക്ഷേ, നിക്കാഹ് വേളയിൽ ഓതപ്പെടുന്ന ഈ ആയത്തുകളിൽ 'റബ്ബിന്റെ തഖ്‌വ' എന്നു പറയുന്നു. അതായത് അല്ലാഹു തന്റെ സൃഷ്ടികളെ പരിപാലിക്കുന്നതുപോലെ നിങ്ങൾ രണ്ടുപേരേയും പരിപാലിക്കുന്നവനാകുന്നു. അതുപോലെ നിങ്ങൾക്കുമേലും പരിപാലനത്തിന്റെ ചില പുതിയ ഉത്തരവാദിത്വങ്ങൾ വന്നുചേരുകയാണ്. നിങ്ങൾക്കത് നിറവേറ്റാൻ കഴിയണമെങ്കിൽ എന്റെ ശരിയായ രീതിയിൽ റബ്ബിന്റെ തഖ്‌വ അഥവാ ഭയഭക്തി സായത്തമാക്കണം. രണ്ടാമത്തേത് ബന്ധം വളരെ ലോലമാകുന്നു. നിരവധി തെറ്റായ ധാരണകൾ അശ്രദ്ധ കാരണം ഉണ്ടകാനിടയുണ്ട്. അതിൽനിന്ന് രക്ഷപ്പെടാൻ നമുക്ക് നൽകിയ കല്പന ഖൂലൂഖൗലൻ സദീദാ (33:71) എന്നാകുന്നു. അതായത് സത്യംകൊണ്ടുമാത്രം കാര്യമില്ല. മറിച്ച്, ഒരുതരത്തിലുള്ള വക്രതയുമി ല്ലാത്ത നേർക്കുനേരെയുള്ള സംസാരമാണ് നിങ്ങൾ അവലംബിക്കുന്നതെങ്കിൽ നിങ്ങൾക്കിടയിൽ ഒരുവിധ തെറ്റായധാരണകളോ പിണക്കമോ ഉണ്ടാകുന്നതല്ല. മൂന്നാമത്തെ കാര്യം വൽതൻളുർ നഫ്സുൻമ്മാ ഖദ്ദമത്ത് ലിഗദിൻ(59:19) എന്നതാണ്. നിങ്ങളുടെ മുതിർന്നവർ ഭാവിയെ പരിഗണിച്ചുകൊണ്ട് നിങ്ങൾക്ക് സുശിക്ഷണം നൽകി. നിങ്ങൾ നിങ്ങളുടെ ഭാവിയെ മനസ്സിലാക്കിക്കൊണ്ട് നിങ്ങളുടെ മക്കൾക്ക് നല്ലശിക്ഷണം നൽകേണ്ടതാണ്. ഈ ഭാവിയുടെ ബന്ധം മാതാപിതക്കൾ മക്കൾക്ക് നല്കുന്ന ശിക്ഷണവുമായി ബന്ധപ്പെട്ടതാണ്. ഓരോ തലമുറക്കും വെവ്വേറെ ഭാവിയാണുള്ളത്. ഇതെല്ലാം ഒരേ യൊരുഭാവിയല്ല. അതിനുവേണ്ടിയാണ് ഈ ലോകവും ലോക സമൂഹവും പ്രയത്നിക്കുന്നത്. ഇപ്പോൾ കാലം മാറി, എന്തൊക്കെയോ ആയിത്തീർന്നിരിക്കുന്നു. മഹത്തായ വിപ്ലവത്തിന്റെ അടയാളങ്ങൾ ആകാശമണ്ഡലത്തിൽ കാണാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഇന്ന് പിതാവിന്റെ കടമകളും വ്യത്യസ്തമാണ്. നമുക്കുമേലുള്ള ഈ ഉത്തരവാദിത്വത്തിൽനിന്ന് വളരെ സൂക്ഷ്മതയോടെ, വളരെ വിശാലമായ ഉത്തരവാദിത്വങ്ങളെ മുൻനിറുത്തി നമ്മുടെ മക്കളുടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ലോകം മുഴുവനും ബന്ധപ്പെട്ട അഹ്മദിയ്യത്തിന്റെ തർബിയ്യത്തിന്റെ ഭാരം അടുത്ത തലമുറക്കുമേൽ പതിക്കുമ്പോൾ, വരുന്ന തലമുറയും അതേറ്റെടുക്കാൻ പ്രാപ്തരായിരിക്കേണ്ടതുണ്ട്. അല്ലാഹു നമുക്ക് ഇക്കാര്യങ്ങൾ മനസ്സിലാക്കാനും പ്രാവർത്തികമാക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

തുടർന്ന് പറഞ്ഞു: ഇന്ന് ഞാൻ വിളംബരപ്പെടുത്തുന്ന നിക്കാഹ് ഞങ്ങളുടെ ചെറിയപിതൃസഹോദരിയുടെ ഭർത്താവ് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ പൗത്രിയും ഞങ്ങളുടെ പിതൃസഹോദരി അമത്തുൽഹഫീള് സാഹിബയുടെ പൗത്രിയുമായ മകളുടേതാണ്. ഇതോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാലാമത്തെ തലമുറ ആരംഭിച്ചിരിക്കുന്നു. ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ ദൗഹിത്രിയുമാണ്. അതായത് മറ്റൊരു വഴിയിലൂടെ ഹദ്റത്ത് മസീഹ് മൗഊദുമായും ബന്ധമുണ്ട്. അപ്പോൾ ഉത്തരവാദിത്വങ്ങളും ഇരട്ടിയാകുന്നു. അതോടൊപ്പം മുന്നറിയിപ്പുകളും ഇരട്ടിയാണ്. അതുകൊണ്ട് നമ്മുടെ സുവാർത്തകളും ഇരട്ടിയാണ്. തുടർന്ന് അദ്ദേഹം കുടുംബത്തിലെ കുട്ടികളേയും മുതിർന്നവരേയും ഉപദേശിച്ചുകൊണ്ട് പറഞ്ഞു: തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുക. ഇരട്ടി ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നില്ലെങ്കിൽ ഇരട്ടി മുന്നറിയിപ്പുകളും അനുഭവിക്കേണ്ടിവരുന്നതാണ്. കുടുംബത്തിലെ വലിയവർക്കും ചെറിയവർക്കും ഇത് മനസ്സിലാകുമാറാകട്ടെ. ബന്ധമുള്ള ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും നിക്കാഹ് നടത്തുമ്പോൾ എനിക്കുള്ളിൽ ചില ചോദ്യങ്ങളും ഉണ്ടാകാറുണ്ട്. അല്ലാഹു അവർക്ക് പ്രസ്തുത സ്ഥാനവും കൈവരിക്കാൻ കഴിയുമാറാകട്ടെ എന്ന് പ്രാർഥിക്കാനും ശ്രദ്ധയുണ്ടാകുന്നു. ഒരു സേവകനെന്ന നിലയ്ക്ക് അവർ മറ്റുള്ളവരിൽനിന്ന് വേർപെട്ടവരാകുന്നു. അവർ വലിയ സേവകരായി ലോകത്ത് തങ്ങളുടെ ജീവിതം നയിക്കേണ്ടതാണ്.(ഖുത്ബാത്തെ നാസിർ വാള്യം 9, പേജ് 710-713, ഖുത്ബ നിക്കാഹ്, 1981 ഒക്ടോബർ 5)


ഏതായാലും ഇത് ഉപദേശത്തിന്റെ വാക്കുകളായിരുന്നു. അതുകൊണ്ടാണ് ഞാൻ വിവരിച്ചത്. ബാസ്മ മൻസൂറിന്റെ വ്യക്തിജീവിതത്തെപ്പറ്റി മകൾ റാബിഅ എഴുതുന്നു: ചെറുപ്പത്തിൽത്തന്നെ ഞങ്ങൾക്ക് അല്ലാഹുവിനെ പരിചയപ്പെടുത്തിത്തന്നു. നല്ല ഭാവിക്കുവേണ്ടി ദുആ ചെയ്യാൻ ഉപദേശിച്ചുകൊണ്ടിരുന്നു. അല്ലാഹു നല്ല ആളുകളുമായി നിനക്ക് ബന്ധമുണ്ടാക്കിത്തരാനും ദുആ ചെയ്യുക എന്ന് പറയുമായിരുന്നു. ചെറുപ്രായത്തിൽ മനസ്സിലായില്ലെങ്കിലും വലുതായപ്പോഴാണ് ഈ ദുആയുടെ പൊരുൾ മനസ്സിലായത്. എന്റെ മാതാവ് സാധാരണക്കാരെ നല്ലപോലെ സ്നേഹിക്കുന്നയാളായിരുന്നു. സ്വന്തം കാര്യങ്ങൾ മാറ്റിവച്ചുകൊണ്ട് മറ്റുള്ളവ


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

രുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. ഉദാഹരണമായി ലണ്ടനിൽ ജൽസയ്ക്ക് വന്നുപോകുമ്പോൾ പാവപ്പെട്ടവർക്കുവേണ്ടി സമ്മാനങ്ങൾ കൊണ്ടുപോകുമായിരുന്നു. തനിക്കുവേണ്ടി ഒന്നും വാങ്ങുമായിരുന്നില്ല. ഒരു പെൺകുട്ടിയെ എടുത്തു വളർത്തുകയും നല്ല ശിക്ഷണം നൽകുകയും പിന്നീട് വിവാഹം കഴിപ്പിച്ചയക്കുകയും ചെയ്തു. അതുകൂടാതെയും നിരവധി പെൺകുട്ടികളുടെ വിവാഹങ്ങൾ നടത്തുകയും ചെയ്തിരുന്നു. അയൽവീട്ടുകാർക്കും ഭക്ഷണം കൊടുത്തയക്കുമായിരുന്നു. ഞങ്ങളുടെ വീട് ഒരുതരം അതിഥിമന്ദിരം തന്നെയായിരുന്നു. എത്രത്തോളമെന്നാൽ, വഴിയിൽ അടിച്ചുവാരുന്ന ആളുകളും ഭക്ഷണസമയത്ത് ഇവരുടെ അടുത്തെത്തിയാണ് ഭക്ഷണം കഴിച്ചിരുന്നത്. പലർക്കും സ്റ്റൈഫന്റും നൽകിയിരുന്നു. തനിക്കുവേണ്ടിയും എന്തെങ്കിലും സ്വരുപിച്ചുവെക്കുക എന്ന് ആരെങ്കിലും പറഞ്ഞാൽ അവർ ഇങ്ങനെയാണ് പറഞ്ഞിരുന്നത്: ഞാൻ നാളത്തെപറ്റി ഒരിക്കലും ചിന്തിച്ചിട്ടില്ല. അല്ലാഹുവാണ് എന്റെ സാമ്പത്തിക ആവശ്യങ്ങളുടെ ഉടമസ്ഥൻ. ജീവിതം വഖ്ഫു ചെയ്തവരെ വളരെയേറെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. കുടുംബത്തിൽപ്പെട്ട ജീവിതം വഖ്ഫ് ചെയ്തവരുമായി ബന്ധംപുലർത്തുകയും അവരെ ഭക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തിരുന്നു. വഖ്ഫ് ചെയ്തവർ ത്യാഗം ചെയ്യുന്നവരാണെന്നും അവരെ ശ്രദ്ധിക്കണമെന്നും ഞങ്ങളെയും ഉപദേശിക്കുമായിരുന്നു. എല്ലാ ബന്ധവും വളരെ നല്ലനിലയിൽ നിലനിറുത്തി. മറ്റുള്ളവർ എന്നോട് എന്തു ചെയ്യുന്നുവെന്ന് ഞാൻ നോക്കാറില്ല. ഞാനെപ്പോഴും തെറ്റ് വന്നാൽ അല്ലെങ്കിൽ അമിതത്വം കാണിച്ചുപോയാൽ ആദ്യം മാപ്പ് പറയുമായിരുന്നു. വേലക്കാരോട് ദ്വേഷ്യപ്പെട്ടാൽ അവരോടും മാപ്പ് പറയുമായിരുന്നു. അവർക്ക് സമ്മാനങ്ങളും നല്കിയിരുന്നു.

അവരുടെ ജാമാതാവ് മിർസാ തഖ്‌യുദ്ദീൻ പറയുന്നു: വളരെ ചെറിയ പ്രായത്തിൽ അവർ വസിയ്യത്ത് ചെയ്തു. വസിയ്യത്ത് ഫോറം കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഏകദേശം പതിനാല് വയസ്സിൽ അവർ വസിയ്യത്ത് ചെയ്തിരുന്നു. പറയുന്നു: അവർ ചെറുപ്രായത്തിൽ കണ്ട സ്വപ്നം കേൾപ്പിച്ചിരുന്നു. അവർ സ്വപ്നത്തിൽ, ഞാൻ അല്ലാഹുവിന്റെ കാൽ ശക്തമായി പിടിച്ച് കരയുന്നത് കണ്ടു. ഞാൻ ഉണർന്നപ്പോൾ ശരിയായ നിലയിൽ കരയുകയായിരുന്നു. അവർ പറയുന്നു: അല്ലാഹു ഇതുവരെയുള്ള എന്റെ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിതന്നിരിക്കുന്നു. ഇവിടെ അവരുടെ ഒരു പരിചയക്കാരിയുണ്ട്. റൂഹിശാഹ് സാഹിബ. അവർ പറയുന്നു: സൗഹൃദം സ്ഥാപിച്ചാൽ അതു നല്ലവണ്ണം നിലനിറുത്തിയിരുന്നു. വളരെ നന്ദി പ്രകടിപ്പിക്കുന്ന പ്രകൃതമായിരുന്നു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെടുന്ന അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്ന ജനങ്ങളോട് ഔദാര്യപൂർവ്വം പെരുമാറുന്ന പ്രകൃതമായിരുന്നു. നല്ലപോലെ നന്ദി പ്രകടിപ്പിക്കുമായിരുന്നു. എത്രത്തോളമെന്നാൽ അപരൻ ലജ്ജിച്ചുപോകുമായിരുന്നു.

അവരുടെ സഹോദരന്റെ ഭാര്യ ത്വാഹിറ ഫാറൂഖ് സാഹിബ പറയുന്നു: അവരെന്നെ ജ്യേഷ്ഠന്റെ ഭാര്യ എന്നതിനുമപ്പുറം സുഹൃത്തും സഹോദരിയുമായിട്ടാണ് കണ്ടിരുന്നത്. നിർലോഭം സ്നേഹിക്കുന്ന ഋജുമാനസയായിരുന്നു. ബന്ധങ്ങൾ നിലനിറുത്താൻ അറിയുമായിരുന്നു. തനിക്ക് ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെട്ടിരുന്നു. ഒരു കാര്യവും മനസ്സിൽ വെച്ചിരുന്നില്ല. വളരെ കൃത്യമായി ഋജുവായി സംസാരിച്ചിരുന്നു. നമസ്കാരം, നോമ്പ്, ഖുർആൻ പാരായണം എന്നിവയിൽ ശുഷ്കാന്തിയും ഖിലാഫത്തുമായി ആഴത്തിൽ ബന്ധവും സ്നേഹവും പുലർത്തുകയും ചെയ്തിരുന്നു. ജമാഅത്തിന്റെ ഏതുജോലി ഏല്പിച്ചാലും താൽപര്യത്തോടെ ചെയ്തിരുന്നു. അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയും കാരുണ്യം പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ. അവരുടെ ഭർത്താവിനും ക്ഷമയും കരുത്തും നൽകുമാറാകട്ടെ. മക്കൾക്കും ക്ഷമിക്കാനുള്ള കഴിവ് നല്കുമാറാകട്ടെ.

അടുത്ത ജനാസ ചൗദരി റശീദ് അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം ഫയ്സ്വലാബാദ് കായിക സർവ്വകലാശാലയിൽ ഡപ്യൂട്ടി രജിസ്ട്രാറായിരുന്നു. അമേരിക്കയിലാണിപ്പോൾ ഉണ്ടായിരുന്നത്. ഇദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ റഫീഖ് ത്വാഹിർ സാഹിബ് ലോസ്ആഞ്ചലസിൽ ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽ നിരതനാണ്. പറയുന്നു: അദ്ദേഹത്തിന്റെ കുടുംബത്തിൽ ജ്യേഷ്ഠസഹോദരൻ മൗലവി ബർക്കത്തലി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. തുടർന്ന് അദ്ദേഹത്തിന്റെ പിതാവിനും കുടുംബാംഗങ്ങൾക്കും ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി. 1974-ലെ കലാപകാലത്ത് അദ്ദേഹം യൂണിവേഴ്സിറ്റി ഏരിയക്കകത്തുള്ള യൂണിവേഴ്സിറ്റി ക്വാർട്ടേഴ്സിലാണ് താമസിച്ചിരുന്നതെങ്കിലും ആൾക്കൂട്ടം ആക്രമിക്കുകയുണ്ടായി. വീട് കൊള്ളയടിച്ച് എല്ലാം അഗ്നിക്കിരയാക്കി. അദ്ദേഹം അവിടെനിന്ന് മാറിതാമസിക്കുകയും മൂന്ന് മാസത്തിനുശേഷം അവസരം നന്നായപ്പോൾ യൂണവേഴ്സിറ്റിയിൽ തിരിച്ചെത്തുകയും ചെയ്തു. വൈസ് ചാൻസലർ അദ്ദേഹത്തോട് പറഞ്ഞു:ക്രസന്റ് മില്ലുടമ താങ്കളുടെ നഷ്ടം നികത്താമെന്ന് അറിയിച്ചിട്ടുണ്ട്. എത്രയാണ് നഷ്ടമെന്ന് എന്നോട് പറഞ്ഞാൽമതി. അപ്പോൾ ചൗദരി റഷീദ് സാഹിബ് ആകാശത്തേക്ക് വിരൽചൂണ്ടികൊണ്ട് പറഞ്ഞു: തീരെ വേണ്ട! ഞാൻ ആരിൽനിന്നും സഹായം സ്വീകരിക്കുന്നതല്ല. ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ ഈ നഷ്ടം സഹിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വഴിയിലാണ് ഈ നഷ്ടം എനിക്കുണ്ടായിട്ടുള്ളത്. അല്ലാഹുതന്നെ നഷ്ടം നികത്തിത്തരുന്നതാണ്. ഏതായാലും അല്ലാഹു അനുഗ്രഹിക്കുകയും വളരെ ചെറിയ കാലത്തിനുള്ളിൽ നഷ്ടം നികത്തപ്പെടുകയും ചെയ്തു. ഖിലാഫത്തിനോട് വലിയ സ്നേഹവും അനുസരണവുമുള്ള ബന്ധമായിരുന്നു. കല്പനകൾ അക്ഷരാർഥത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചിരുന്നു. വിശ്വസ്തതയും അപാരമായിരുന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ മെമ്പറായിരുന്നു. ഇത് വലിയൊരു ബഹുമതിയാണ്. ഒരിക്കൽ മീറ്റിംഗിന് പോകാൻ അദ്ദേഹത്തിന് എ.സി. ടിക്കറ്റ് കിട്ടി. തിരിച്ചു പോകുമ്പോൾ അദ്ദേഹത്തിന്റെ കുടുംബക്കാർ ഒന്നിച്ചുപോകാമെന്ന് പറഞ്ഞു. അദ്ദേഹം തന്റെ ടിക്കറ്റ് റിസർവ് ചെയ്ത് സെക്കന്റ് ക്ലാസിലായിരുന്നു കുടുംബക്കാരോടൊപ്പം പോയത്. ബാക്കി പൈസ സർക്കാരിന് മടക്കികൊടുക്കുകയും ചെയ്തു. ഒരിക്കൽ അദ്ദേഹം യു.ജി.സി ചെയർമാന്റെ ഓഫീസിൽ മീറ്റിംഗിന് പോയപ്പോൾ തന്റെ കാർഡ് അകത്തേക്ക് കൊടുത്തയച്ചു. ഉടനെതന്നെ അദ്ദേഹത്തെ കാണാൻ ഡയറക്ടർ അവിടെന്നെഴുന്നേറ്റ് പുറത്ത് വന്നു. അവിടെ ഇരിക്കുന്ന ഒരു സുഹൃത്തിനോട് പറഞ്ഞു, ഞാൻ ഇദ്ദേഹത്തിന്റെ വിശ്വസ്തതയെപ്പറ്റിയാണ് താങ്കളോട് പറഞ്ഞിരുന്നത്. അദ്ദേഹം അപ്പോൾത്തന്നെ അവിടെ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ട് താൻ അഹ്മദിയാണെന്ന് പറയുകയുണ്ടായി. ഈ വിശ്വസ്തത എനിക്കുണ്ടായത് ഞാൻ അഹ്മദിയായതുകൊണ്ടാണ്. അഹ്മദികൾക്കും ഇതിൽ പാഠമുണ്ട്. എപ്പോഴും വിശ്വസ്തതയോടുകൂടി തങ്ങളുടെ കർത്തവ്യം നിറവേറ്റുക. ധനപരമായ ഒരുതരത്തിലുള്ള അത്യാർത്തിയും പാടില്ല.

ഇദ്ദേഹം ചന്ദ കൊടുക്കുന്നതിലും സാമ്പത്തികത്യാഗത്തിലും മുൻപന്തിയിലായിരുന്നു. മാതാപിതാക്കളേയും സഹോദരീസഹോദരന്മാരേയും കൂടാതെ നബി(സ)തിരുമേനിയുടെ പേരിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേരിലും കൃത്യമായി തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദകൾ കൊടുത്തിരുന്നു. വളരെ സ്നേഹമുള്ള വ്യക്തിത്വമായിരുന്നു. യൂണിവേഴ്സിറ്റിയിലെ എല്ലാ കുട്ടികളേയും സ്വന്തം മക്കളും സഹോദരരുമായാണ് കണ്ടിരുന്നത്. ഒരു നമസ്കാരം പ്രത്യേകിച്ച് മഗ്‌രിബ് നമസ്കാരം ഞങ്ങൾ ഒന്നിച്ചു വീട്ടിൽ നമസ്കരിച്ചിരുന്നു. എപ്പോഴും പുഞ്ചിരിച്ചിരുന്നു. അതിൽ തൃപ്തിപ്പെടുന്ന പ്രകൃതമായിരുന്നു. അല്ലാഹു അദ്ദേഹത്തോട് കരുണയോടും പൊറുമയോടുംകൂടി പ്രവർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

THE WEEKLY AL HAKAM www.alhakam.org

AL ISLAM

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയർലൻഡ് പര്യടനം(സെപ്റ്റംബർ 2014)

**വിവ: മൗലവി അമീൻ സാഹിബ്, മാത്ര**

**(ബദ്ർ വാള്യം 8, ലക്കം 49 പേജ് 12 കോളം 2-ൽനിന്ന് തുടർച്ച...)**

ദീർഘദർശനങ്ങളെല്ലാം വിവരിച്ചതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു:പ്രസ്തുത കാലഘട്ടത്തിൽ അല്ലാഹു വാഗ്ദത്ത മസീഹ്(അ)നെ തന്റെ പ്രതിനിധിയായി നിയോഗിക്കും. അദ്ദേഹം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പുനരുജ്ജീവിപ്പിക്കും. നിലവിലുള്ള ആത്മീയത്തകർച്ച അവസാനിപ്പിക്കും. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളും നബി(സ) തിരുമേനിയുടെ ചര്യകളുമനുസരിച്ച് ലോകത്ത് ഇസ്‌ലാമികശിക്ഷണം വീണ്ടും നടപ്പിലാക്കാനാണ് അദ്ദേഹം നിയോഗിതനാകുന്നത്.

ഏതൊരു വാഗ്ദത്ത മഹ്ദീ മസീഹിന്റെ സുവാർത്തയാണോ നല്കപ്പെട്ടത് എന്റെ വിശ്വാസമ നുസരിച്ച് അദ്ദേഹം വന്നുകഴിഞ്ഞിരിക്കുന്നു. നമ്മുടെ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)തന്നെയാണ് പ്രസ്തുത മഹ്ദീ മസീഹെന്നാണ് ഞാനും എല്ലാ അഹ്മദികളും ഉറച്ചു വിശ്വസിക്കുന്നത്. ശാന്തിയിലും സ്നേഹത്തിലും നിർമിതമായ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ലോകത്തിന്റെ എല്ലാ മുക്കിലുംമൂലയിലും വ്യാപിപ്പിക്കാൻ വേണ്ടിയാണ് അദ്ദേഹം നിയോഗിതരായത്. നാനാവിധത്തിലുള്ള അതിക്രമങ്ങൾക്കും ദ്രോഹങ്ങൾക്കും കടന്നാക്രമണങ്ങൾക്കുമെതിരിൽ ജിഹാദ് ചെയ്യാനാണ് അദ്ദേഹം വന്നിട്ടുള്ളത്. മനുഷ്യകുലം പരസ്പരം അനുവദനീയമായ കടമകൾ നിർ വഹിക്കണമെന്ന അധ്യാപനം നല്കാനാണ് അദ്ദേഹത്തിന്റെ നിയോഗമുണ്ടായിട്ടുള്ളത്. സ്നേഹാനുകമ്പയുടെ പ്രചാരണത്തിനും ലോകത്ത് സ്വർഗതുല്യമായ സമാധാനം സ്ഥാപിക്കാനും ഐക്യവും പ്രത്യക്ഷമായ സാഹോദര്യവും നിലനിറുത്താനുംവേണ്ടിയാണ് അദ്ദേഹം അവതരിച്ചത്. ഇതു തന്നെയായിരുന്നു ആ മഹാത്മാവിന്റെ സന്ദേശം, ഇതു തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജോലിയും.

ലോകത്തിന്റെ സകലകോണിലും പ്രദേശത്തും പ്രസ്തുത സവിശേഷ സന്ദേശ പ്രചാരണത്തിനുള്ള ശ്രമമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർവഹിച്ചു വരുന്നത്. ലോകത്തിന്റെ ഏതുഭാഗത്ത് താമസിക്കുന്നവരാണെങ്കിലും ഈ സമാധാനോന്മുഖമായ സന്ദേശത്തെ ശക്തമായും വ്യാപകമായും പ്രചരിപ്പിക്കുക എന്ന ഉത്തരവാദിത്വമാണ് ഓരോ അഹ്മദിയുടേതും. ഓരോ അഹ്മദീ മസ്ജിദുകളിൽനിന്നും പുറത്തുവരുന്ന സന്ദേശം ഇതുതന്നെയാണ്. നമ്മുടെ മസ്ജിദുകൾ ശാന്തിയുടേയും സഹവർത്തിത്വത്തിന്റേയും കേന്ദ്രങ്ങളാണ്. സ്നേഹത്തോടെ ലോകരെ ഐക്യപ്പെടുത്തുന്നവർ ഇവിടെ ഒരുമിച്ചുകൂടുന്നു. അതുമുഖേന ബാഹ്യമായ സഹവർത്തിത്വം സൃഷ്ടിക്കപ്പെടുന്നു. ആരാധനകൾ നിർ വഹിക്കപ്പെടുന്നു. മനുഷ്യകുലത്തിന്റെ ശാന്തിക്കും ശ്രേയസ്സിനും വേണ്ടിയുള്ള പ്രാർഥന നടക്കുന്നു. കേവലം സമാധാനത്തിന്റെ പേരെടുക്കുന്നവർ മാത്രമല്ല ഇവിടെ ഒരുമിച്ചു കൂടുന്നത്. പ്രത്യുത, ലോകത്തെ ഓരോ വ്യക്തിക്കും ശാന്തിയും സുരക്ഷയും ഉറപ്പു വരുത്താനുള്ള ഓരോ സാധ്യമായ ശ്രമത്തിന്റേയും ഭാഗമാകുന്നവരെക്കൊണ്ട് നമ്മുടെ മസ്ജിദുകൾ നിർഭരമാണ്. മാനുഷിക ശ്രേയസ്സും ഉന്നതിയും ശാന്തിയും യഥാർഥ നീതിയും സുശക്തമാക്കുന്നതിനു വേണ്ടി സമൂഹത്തിന്റെ നാനാതുറകളിൽ നടത്തിയ നമ്മുടെ ശ്രമങ്ങൾക്ക് ചരിത്രം സാക്ഷിയാണ്. അയർലൻഡിലെ നമ്മുടെ ഈ മസ്ജിദും പ്രസ്തുത ലക്ഷ്യസാക്ഷാൽക്കാരത്തിനു വേണ്ടിയാണ് സ്ഥാപിതമായിട്ടുള്ളത്. ഇതിന് മർയം മസ്ജിദെന്നാണ് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. മേരി എന്ന് നിങ്ങൾ വിളിക്കുന്ന മർയം മുസ്‌ലിമീങ്ങളിലും ബഹുമാനത്തോടെ ക്രൈസ്തവരിലെന്നപോലെ അറിയപ്പെടുന്നു. വിശുദ്ധ ഖുർആനിൽ ആവർത്തിച്ച് മർയമിന്റെ സ്മരണ കാണാം. അവരുടെ ഉന്നതസ്ഥാനത്തെ കുറിച്ചുള്ള വിവരണവുമുണ്ട്. നിശ്ചയമായും ഹദ്റത്ത് മർയം(അ) (അ)സദ്വൃത്തയും വിശുദ്ധ മഹിളാ രത്നവുമായിരുന്നു. ഓരോ യഥാർഥ മുസ്‌ലിമും മർയമിനെ പോലെയാണെന്നുവരെ അവർക്ക് ഇസ്‌ലാമിൽ ആദരവു നല്കപ്പെട്ടിരിക്കുന്നു. അല്ലാഹുവുമായി സ്നേഹ നിർഭരമായ വലിയ ബന്ധം ഹദ്റത്ത് മർയം(അ)പുലർത്തിയതിനാലായിരുന്നു ഇതുണ്ടായത്. തന്റെ നന്മകേളയും ചാരിത്ര്യത്തേയും അനുനിമിഷം അവർ സംരക്ഷിച്ചു. അല്ലാഹു നേരിട്ട് ഹദ്റത്ത് മർയമുമായി സംസാരിക്കുന്ന വിധത്തിൽ സവിശേഷ സ്നേഹബന്ധം അവർ പുലർത്തി. അവരുടെ പവിത്രതക്ക് സ്വയം സാക്ഷ്യം നല്കി. ദൈവത്തിന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് മർയം(അ)പൂർണവിശ്വാസം പുലർത്തിയിരുന്നു. അവർ വിശുദ്ധയായിരുന്നു, ദൈവത്തോടുള്ള അനുസരണത്തിൽ സവിശേഷമായൊ രു സ്ഥാനം കരസ്ഥമാക്കി. നിശ്ചയമായും ഓരോ സത്യവിശ്വാസിക്കും ആ മഹിളാരത്നം ഒരു മാതൃകയായിരുന്നു. യഥാർഥ മുസ്‌ലിമീങ്ങൾ മർയമിന്റെ സവിശേഷഗുണങ്ങൾ പേറുന്നവരാകണമെന്ന വിശുദ്ധ ഖുർആനിന്റെ വിവരണത്തെ അവരുടെ ഉന്നത സ്ഥാനത്തെ കൂടുതൽ തെളിമയാർന്നതാക്കുന്നു. അവരെ പോലെയാണെങ്കിൽ നിശ്ചയമായും ഒരു തരത്തിലുമുള്ള കോട്ടമോ ബുദ്ധിമുട്ടോ മറ്റുള്ളവർക്ക് ഉണ്ടാകുകയില്ല. അതുകൊണ്ട് ഓരോ അഹ്മദിയും മർയമിനെ പോലുള്ള വിശുദ്ധിയും സൂക്ഷ്മതയും പ്രാപ്തമാക്കാൻ ശ്രമിക്കുന്നു. വിശ്വാസികൾക്കുവേണ്ടി വിശുദ്ധ ഖുർആൻ എത്ര മനോഹരമായഉദാഹരണമാണ് വിശദീകരിച്ചതെന്ന് നോക്കുക. മുസ്‌ലിമീങ്ങൾ ഈ നിലവാരത്തിൽ പൂർണമായും ഉയർന്നാൽ ഇതരരെ ബുദ്ധിമുട്ടിക്കുന്നവരോ അസമാധാനം സൃഷ്ടിക്കുന്നവരോ ആകുകയില്ല.

ഇപ്പോൾ ഈ മസ്ജിദ് നിർമിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഞാൻ വിവരിച്ച പ്രകാശിക്കുന്ന ഈ അധ്യാപനം ഇനി ഈ മസ്ജിദിൽനിന്ന് ഓരോ ദിക്കിലും വ്യാപിക്കും. ലോകത്താകമാനം ഈ അധ്യാപനം തന്നെയാണ് ആയിരക്കണക്കിന് അഹ്മദി മസ്ജിദുകളിൽനിന്ന് നിശ്ചയമായും വ്യാപിക്കുന്നത്. ഈയടുത്ത് ആഫ്രിക്കൻ പട്ടണത്തിൽ ഇത്തരത്തിലുള്ള ഒരു മസ്ജിദ് നിർമിച്ചിരുന്നു. ഇതിന്റെ ഉദ്ഘാടനത്തിനു മുമ്പേ ജമാഅത്തിനെ കുറിച്ച് പരിചയമില്ലാത്ത അവിടുത്തെ ഒരു ക്രിസ്തീയ ചീഫും പങ്കെടുത്തിരുന്നു. ഏതെങ്കിലും അഹ്മദിയുമായോ ജമാഅത്തുമായോ ഉള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലല്ല ഈ പരിപാടിയിൽ പങ്കെടുക്കുന്നതെന്ന് അദ്ദേഹം വന്നയുടൻ വ്യക്തമാക്കി. ഈ പരിപാടിയുടെ ക്ഷണക്കത്ത് കണ്ടപ്പോൾ ഒരു മുസ്‌ലിം ജമാഅത്ത് മസ്ജിദുദ്ഘാടനത്തിന് ഒരു ക്രിസ്ത്യാനിയെ ക്ഷണിക്കുന്നതിൽ താൻ വിസ്മയിച്ചുപോയതായും അദ്ദേഹം പറഞ്ഞു. ഒരു മുസ്‌ലിം ജമാഅത്ത് ഒരു ക്രിസ്ത്യാനിയെ സ്വന്തം മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ ക്ഷണിക്കുംവിധമുള്ള ഏതുതരം ഇസ്‌ലാമാണെന്ന് സ്വയം കാണുന്നതിനുവേണ്ടിയും പ്രസ്തുത വിസ്മയത്തെ നീക്കുന്നതിനും വേണ്ടിയുമാണ് അവിടെ വന്നതെന്ന സാക്ഷ്യവും അദ്ദേഹം നല്കി. സമൂഹത്തിലെ വിവിധ തുറകളുമായും മതങ്ങളുമായും ബന്ധമുള്ള വ്യക്തികൾ ഈ പരിപാടിയിൽ ക്ഷണിതാക്കളാണെന്ന് കണ്ട് തന്റെ വിസ്മയത്തിന് അതിരില്ലായിരുന്നു വെന്ന് അദ്ദേഹം തുടർന്ന് വ്യക്തമാക്കി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേവലം ഈ പ്രദേശത്തിന് ഒരു പുതിയ മസ്ജിദ് നല്കി എന്നു മാത്രമല്ല ഒരു പുതിയ ജീവിതവും നല്കി എന്നതാണ് എല്ലാവരേയും ഒപ്പം ചേർത്ത് മുന്നോട്ടു പോകുന്ന ഈ ആത്മാവ് വെളിപ്പെടുത്തുന്നതെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു. പ്രാദേശിക വ്യക്തികളുമായി പ്രത്യക്ഷമായ നിലയിൽ സഹവർത്തിത്വത്തോടെയും സ്നേഹത്തോടെയും ജീവിക്കുന്നതിനുള്ള ഒരു പുതിയ മാർഗം ഇവർ നല്കിയിരിക്കുന്നുവെന്നും അദ്ദേഹം തുറന്ന് വ്യക്തമാക്കി.

ഞാൻ മുമ്പേ പറഞ്ഞതുപോലെ ഈ മസ്ജിദ് റിപ്പബ്ലിക് ഓഫ് അയർലൻഡിലെ ആദ്യ അഹ്മദിയ്യാ മസ്ജിദാണ്. നമ്മുടെ എല്ലാ മസ്ജിദുകളുംപോലെ അതേ മൂല്യങ്ങളും ലക്ഷ്യങ്ങളും മുന്നിൽവെച്ചു കൊണ്ടാണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്. ഇത് യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ വെളിവാക്കുന്നതിനുള്ള ഒരു മാർഗമാകുന്നതായിരിക്കും.

ലോകത്താകമാനം ഒരു ഭാഗത്ത് നമ്മൾ സ്വന്തം മസ്ജിദുകളിൽ ദൈവനാമം ഉച്ചരിക്കുക

## • ഹദീഥുന്നബ്‌വി(സ) •

**'അല്പമുളളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുളളതിനും നന്ദി കാണിക്കുകയില്ല. മനുഷ്വരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

താലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

താലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

യും മറ്റുള്ളവരുടെ ശ്രദ്ധ സമാധാന പൂർണമായ മാർഗത്തിൽ ഏക ദൈവത്തിന്റെ മുമ്പിൽ ശിരസ്സ് കുനിക്കുന്നതിലേക്ക് ക്ഷണിക്കുകയും അവർക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു. മറുഭാഗത്ത് മറ്റിട ങ്ങളിൽ നമ്മൾ ചെയ്യുന്നതുപോലെ സാധ്യമാകുന്ന സ്ഥലങ്ങളിലെല്ലാം മനുഷ്യകുലത്തിന് സേവനങ്ങൾ ചെയ്യാനും ശ്രമിക്കുന്നു.

ഈ മസ്ജിദും പ്രസ്തുത മൂല്യങ്ങൾ വഹിക്കുന്നത് ഇൻശാ അല്ലാഹ് നിങ്ങൾ കാണും. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ വ്യക്തികളുടെ ഹൃദ്യമായ ആഗ്രഹം വിശ്വാസങ്ങളെന്തായാലും മതത്തിൽനിന്ന് പൂർണമായും ദൂരത്താണെങ്കിലും എല്ലാ വ്യക്തികളും ശാന്തിയോടെ ജീവിക്കണമെന്നതാണെന്നതിന് നിങ്ങൾ സാക്ഷികളാകും. സമൂഹത്തിലെ ഓരോരുത്തർക്കുംവേണ്ടി സ്നേഹത്തിന്റേയും അനുകമ്പയുടേയും യഥാർഥ വികാരങ്ങൾ പുലർത്തുന്നവരാണ് അഹ്മദീ മുസ്‌ലിമീങ്ങളെന്ന് നിങ്ങൾ കാണുമാറാകും.

ഒരിക്കൽകൂടി നിങ്ങൾക്കെല്ലാവർക്കും ഈ പരിപാടിയുടെ ഭാഗമായതിലും എന്റെ വാക്കുകൾ കേട്ടതിലും നന്ദി രേഖപ്പെടുത്തിക്കൊണ്ട് നിങ്ങളോടു വിട ചോദിക്കുന്നു. അല്ലാഹു നിങ്ങൾക്കുമേൽ അനുഗ്രഹം ചൊരിയുമാറാകട്ടെ, നിങ്ങൾക്കെല്ലാവർക്കും വളരെ വളരെ നന്ദി.

ഹുദൂർ അൻവറിന്റെ ഈ പ്രഭാഷണം 09.05 വരെ നീണ്ടുനിന്നു. ശേഷം ഹുദൂർ സമൂഹപ്രാർഥനയ്ക്ക് നേതൃത്വം നല്കി. എല്ലാ അതിഥികളോടൊപ്പം ഭക്ഷണം കഴിച്ചു. ഭക്ഷണത്തിനുശേഷം ഹുദൂർ ഓരോ അതിഥികളുടെ തീൻമേശിലെത്തി അവരുമായി കുശലാന്വേഷണം നടത്തി, ഹസ്തദാനം ചെയ്തു. ഈ അവസരത്തിൽ ചില അതിഥികളുടെ ആഗ്രഹപ്രകാരം ഹുദൂർ അവരോടൊത്ത് ഫോട്ടോയുമെടുത്തു.

ഈ പരിപാടി 10.30 വരെ നീണ്ടു നിന്നു. ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. ഹുദൂർ അൻവറിന്റെ പ്രഭാഷണം അതിഥികളിൽ അഗാധമായ സ്വാധീനം ചെലുത്തി. ചില അതിഥികൾക്ക് അത് തുറന്ന് പ്രകടിപ്പിക്കാതിരിക്കാൻ കഴിഞ്ഞില്ല.

### ഹുദൂറിന്റെ മസ്ജിദ് മർയം ഉദ്ഘാടന പ്രഭാഷണം

*അതിഥികളുടെ പ്രതികരണങ്ങൾ*

* ഗാൽവേ കൗണ്ടി ഡെപ്യൂട്ടി മേയർ മിസ്റ്റർ നിയാൻ ബിർണെ പറയുന്നു: ഈ മഹനീയ അവസരത്തിൽ അഹ്മദിയ്യാ ജമാഅത്തിലെ എല്ലാ അംഗങ്ങൾക്കും ഞാൻ മംഗളാശംസകൾ നേരുന്നു. മസ്ജിദ് മർയം നിങ്ങളുടെ ജമാഅത്തിനു ലഭിച്ച ഒരു ഉപഹാരമാണ്. വിവിധ വിശ്വാസങ്ങളുമായി ബന്ധമുള്ള ജനങ്ങൾ ഒരു സ്ഥലത്ത് സംഘടിച്ചു കാണുന്നത് തികച്ചും സന്തോഷപ്രദമായ കാര്യമാണ്. അയർലാൻഡ്, വിശിഷ്യാ, ഗാൽവേനഗരം ഇസ്‌ലാം അഹ്മദിയ്യത്തിന് നല്കുന്ന സ്വാഗതം ഇതിനുള്ള തെളിവാണ്. നിങ്ങൾ നല്കിയ സ്നേഹനിർഭരമായ ആതിഥേയത്വത്തിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

* ഗാൽവേ കൌണ്ടിയുടെ ഒരു കൗൺസിലർ ടോം ഹീലി പറഞ്ഞു: ഈ മഹനീയ മസ്ജിദിന്റെ ഉദ്ഘാടനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ആശംസകളർപിക്കുന്നു. നിങ്ങളുടെ സന്ദേശം ലോകമെങ്ങും മുഴങ്ങട്ടെ. നിങ്ങൾ നബി(സ) തിരുമേനിയുടെ യഥാർഥ ദൂതരാകുമാറാകട്ടെ.

* ഒരു സെനറ്റർ മിസ്റ്റർ മിഖായേൽ മുള്ളിൻസ് പറയുന്നു: നിങ്ങളുടെ ജമാഅത്തിന് ഒരു മനോഹരമായ മസ്ജിദ് നിർമിക്കാൻ സാധിച്ചതിൽ ആശംസകൾ നേരുന്നു. ലോകമെങ്ങും ശാന്തിയുടേയും സ്നേഹത്തിന്റേയും സന്ദേശം വ്യാപിപ്പിക്കാനുള്ള നിങ്ങളുടെ ആഗ്രഹവും ശ്ലാഘനീയമാണ്. ഞാൻ ഭാവിയിലും നിങ്ങളുടെ ജമാഅത്ത് സംഘടിപ്പിക്കുന്ന പരിപാടികളുടെ ഭാഗമായി തുടരുന്നതാണ്.

* ഒരു അതിഥി അദ്ദേഹം തന്റെ പ്രദേശത്തെ കൗൺസിലറുമാണ്. പറയുന്നു:ഇവിടെ വരുന്നതിനു മുമ്പേ ഞാൻ മനസ്സിലാക്കിയിരുന്നത് എല്ലാ മുസ്‌ലിമീങ്ങളും ഒരു പോലെയാണെന്നാണ്. നമ്മൾ മീഡിയായിൽ കാണുന്നതുപോലെ മുസ്‌ലിമീങ്ങൾ തികച്ചും തീവ്രവാദം സൃഷ്ടിക്കുന്നവരും അതിക്രമം കാണിക്കുന്നവരുമാണെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ, ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ശ്രവിച്ചപ്പോൾ ഞാൻ വളരെ ആകൃഷ്ടനായി. വിശിഷ്യാ, ഖലീഫത്തുൽ മസീഹിന്റെ ശാന്തി സന്ദേശം 'എല്ലാവരോടും സ്നേഹം , ആരോടുമില്ല വെറുപ്പ്' എന്നതിൽ അതിരറ്റ് ഞാൻ ആകൃഷ്ടനായി.

അഹ്മദിയ്യാ ജമാഅത്ത് പ്രചാരണം നടത്തുന്നതപോലെ പ്രവർത്തിക്കുന്നു എന്നതിൽ ഒരു സംശയവുമില്ല. ഇന്നത്തെ ലോകത്തിന് ഈ സന്ദേശം അടിയന്തരാവശ്യമാണ്. സ്നേഹസന്ദേശം മാത്രം വ്യാപിപ്പിക്കുന്ന ഒരു ജമാഅത്തും ഇസ്‌ലിമാലുണ്ടെന്ന കാര്യം ലോകത്തോടു പറയേണ്ടത് അനിവാര്യമാണ്.

* ഒരു ഐറിഷ് അതിഥി പറയുന്നു:ഖലീഫയുടെ പ്രഭാഷണം ചിന്തോദ്യോപക കാര്യങ്ങൾകൊണ്ട് ഭരിതമായിരുന്നു. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പാർലമെന്റിൽ പോയപ്പോഴും എനിക്ക് കൂടിക്കാഴ്ച നടത്താൻ സാധിച്ചു. ഈ പരിപാടിയിലും ഞാൻ ഖലീഫയുടെ വാക്കുകൾ കേട്ടു. സുപ്രധാനമായ ഈ പരിപാടിയിൽ പങ്കെടുക്കുന്നതിന് ഗാല്‌വേയിലേക്കുള്ള ഖലീഫയുടെ വരവ് ഈ നാടിനു ലഭിച്ച വലിയൊരു ആദരവാണെന്നതിൽ ഒരു സംശയവുമില്ല.

* ഒരു മഹിളാ കൌൺസിലർ പറയുന്നു:ഈ പരിപാടിയുടെ ഭാഗമായിരുന്ന ഓരോ വ്യക്തിയും ഒരു പരിധിവരെ ആശയസംഘർഷത്തിലായിരുന്നു. എന്നാൽ, ഖലീഫത്തുൽമസീഹ് തന്റെ പ്രഭാഷണത്തിൽ ഇവിടെ ചിലർക്ക് ഇസ്‌ലാമിനെ സംബന്ധിച്ച് ഭയവും ആശങ്കയുമുണ്ടാകുമെന്ന് സൂചിപ്പിച്ചു. ഖലീഫയിൽനിന്ന് ഈ വാക്ക് വന്നതോടെ എല്ലാവരും തൃപ്തരായി. ഖലീഫയുടെ ഉന്നതമായ ഈ പ്രഭാഷണത്തെ ഞാൻ വളരെയധികം ശ്ലാഘിക്കുന്നു.

* ഗാൽവെ അഡ്‌വെർടൈസർ പത്രപ്രതിനിധി പറയുന്നു:ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം തികച്ചും മൂല്യങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. അത് മനുഷ്യനിൽ ചിന്തകളുണർത്താൻ പ്രേരണ നല്കുന്നു. ഇസ്‌ലാം അഹ്മദിയ്യത്തിനെ കുറിച്ചുള്ള വിശദീകരണങ്ങൾ അദ്ദേഹം നല്കി. ചില തീവ്രവാദികൾ ഇതിനെ വഴികേടിലാക്കി. ഇസ്‌ലാം സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സഹനത്തിന്റേയും മതമാണെന്നതിന് ഖലീഫ വളരെ നല്ല നിലയിൽ തെളിവുകൾ നല്കി. തെളിവുകൾ നിറഞ്ഞതും വ്യക്തതയുള്ളതുമായ ഖലീഫയുടെ പ്രഭാഷണം എനിക്ക് വളരെ നല്ലതായി തോന്നി. കൂടാതെ ഖലീഫത്തുല് മസീഹുമായി നേരിട്ട് കൂടിക്കാഴ്ച നടത്താനുള്ള സുപ്രധാന അവസരവും എനിക്ക് ലഭിച്ചു.

അഹ്മദിയ്യാ ജമാഅത്തിനെ കഴിഞ്ഞ ഏകദേശം 11 വർഷമായി എനിക്കറിയാം. ഈ ജമാഅത്ത് ഇന്റർഫൈത്ത് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. കൂടാതെ ഈ മസ്ജിദിന്റെ പേര് മർയം എന്നും വെച്ചിരിക്കുന്നു. ഇതും ഇസ്‌ലാമിനും ക്രൈസ്തസമൂഹത്തിനുമിടയിൽ ബന്ധം സുസ്ഥാപിതമാക്കുന്നതാണ്.

* അയർലാൻഡ് നാഷണൽ പാർലമെന്റ് ഡെപ്യൂട്ടി സ്പീക്കർ മിസ്റ്റർ മിഖായേൽ പീ കിറ്റ് പറയുന്നു:ഇന്നത്തെ ഈ പരിപാടി മനോഹരമായിരുന്നു. സ്നേഹത്തേയും ശാന്തിയേയും കുറിച്ചുള്ള ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം എനിക്ക് വളരെ പ്രോത്സാഹനം നല്കി. സ്നേഹത്തിന്റെ സന്ദേശം എത്രമാത്രം ശക്തിയുള്ളതാണെന്ന് ഖലീഫയുടെ പ്രഭാഷണത്തിൽനിന്ന് മനസ്സിലാകുന്നു.

*ഒരതിഥി പറയുന്നു:മസ്ജിദുദ്ഘാടന പരിപാടിയുടെ ഭാഗമായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. സ്നേഹത്തിന്റേയും ശാന്തിയുടേയും അദ്ദേഹത്തിന്റെ സന്ദേശത്തിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ഞാനെന്റെ മറ്റു സ്നേഹിതരിലേക്കും ഈ സന്ദേശമെത്തിക്കുന്നതാണ്.

* ഒരതിഥി ഡർഡറി മെക് കെന്നെ പറയുന്നു:വിവിധ മേഖലകളുമായി ബന്ധമുള്ളവർ ഒരു സ്ഥലത്ത് ഒരുമിച്ചുകൂടിക്കാണുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ടായി. ഇന്നത്തെ ഈ പരിപാടി നമ്മുടെ സമൂഹത്തിൽ ഹൃദയവിശാലതയുടെ മാതൃകയ്ക്ക് തുടക്കമിടുന്നുവെന്നതിന് തെളിവാകട്ടെ. അയർലാൻഡിലെ എല്ലാ ജനങ്ങളും ഇതിന്റെ ഭാഗമാകുക, അതുമുഖേന പ്രത്യക്ഷ രൂപത്തിൽ ഗുണപ്രദമായ ബന്ധങ്ങൾ സ്ഥാപിച്ചുകൊണ്ട് ജീവിതം നയിക്കാൻ പഠിക്കട്ടെ. അയർലാൻഡിന്റെ ശുഭകരമായ ഭാവിക്ക് അടിസ്ഥാനമാകട്ടെ.

ഒരതിഥി മാർത്താ സാഹിബ് പറയുന്നു:മനസ്സിന് പുതിയചിന്തകൾ പ്രദാനം ചെയ്യുന്ന ഈ പരിപാടിയിൽ ക്ഷണിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഇന്നാളുകളിൽ ജനങ്ങൾ വളരെ ഭീതിയിലാണെന്നതിൽ ഒരു സംശയവുമില്ല. എന്നാൽ, ഈ പരിപാടി നമുക്കെല്ലാവർക്കും മതപരമായ സഹനതയുടെ പാഠമാണ് നല്കിയത്. ഖലീഫ നമുക്കെല്ലാവർക്കും വളരെയധികം ശാന്തി പ്രദാനം ചെയ്തുകൊണ്ട് ഇസ്‌ലാമിനോടും ഖുർആനിനോടുമുള്ള സ്നേഹത്തെ കുറിച്ചും ശാന്തിയുടെ അധ്യാപനത്തെ കുറിച്ചും ഓർമപ്പെടുത്തി. ഇന്നത്തെ ഈ പരിപാടിയിൽ നിന്ന് നമ്മൾ വളരെയധികം കാര്യങ്ങൾ പഠിച്ചു.

ഒരതിഥി ജെന്നി മെക് ക്ലീൻ പറയുന്നു:ഇന്നത്തെ ഈ സായാഹ്ന പരിപാടിയിൽ ഞാൻ വളരെ ആകൃഷ്ടനാണ്. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം തികച്ചും മഹനീയമായിരുന്നു. വളരെയധികം സുപ്രധാനമായ കാര്യങ്ങളെ കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. ഇവിടെ ഹാജരായിരുന്ന ഓരോ വ്യക്തിയും ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണത്തിൽ വളരെയധികം പ്രഭാവിതരായിരുന്നു. തന്റെ പ്രഭാഷണത്തിൽ മുസ്‌ലിം ലോകത്ത് നിലവിലുള്ള വൈരുധ്യങ്ങളെ കുറിച്ച് ഖലീഫ സൂചിപ്പിച്ചു.

ഗാൽവെ സിറ്റി ഈസ്റ്റ് കൗൺസിലർ മിസ്റ്റർ ടെറി ഒ ഫ്ളാഹേർട്ടി പറയുന്നു:ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം തികച്ചും മഹനീയവും സ്വാധീനമുളവാക്കുന്നതുമായിരുന്നു. ഇന്നാളുകളിലെ ഭയജനകമായ സാഹചര്യങ്ങൾക്ക് അനിവാര്യമായ സന്ദേശമാണ്, 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് 'എന്നത്. ഗാൽവെ അഹ്മദിയ്യാ ജമാഅത്തിന്റേയും ലോകത്താകമാനുള്ള അഹ്മദികളുടേയും തെളിമയാർന്ന ഭാവിക്കുവേണ്ടി ഞാനാശിക്കുന്നു.

ഒരതിഥി പറയുന്നു: ഖലീഫത്തുൽമസീഹിന്റെ ശാന്തിയുടേയും സ്നേഹത്തിന്റേയും സന്ദേശത്തിൽ ഞാൻ വളരെ പ്രഭാവിതനാണ്. ഈ സന്ദേശം മുഖേന എനിക്ക് ഇസ്‌ലാമിന്റെ സവിശേഷതകളെക്കുറിച്ച് അറിയാൻ കഴിഞ്ഞു. ഇസ്‌ലാമിനെ സംബന്ധിച്ചുള്ള എന്റെ ആശങ്കകൾ ഇതോടെ നീങ്ങി.

ഒരിതിഥി പറയുന്നു: ഈ മഹനീയ പരിപാടിയിൽ ക്ഷണിച്ചതിൽ നിങ്ങൾക്കെല്ലാവർക്കും ഞാൻ നന്ദി പറയുന്നു. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം തികച്ചും ചൊവ്വായതും നിഷ്കളങ്കവും ആത്മീയതനിറഞ്ഞതും വിജ്ഞാനപ്രദവുമായിരുന്നു. കൂടുതൽ പേർക്ക് ഖലീ

ഫത്തുൽമസീഹിന്റെ പ്രഭാഷണം ശ്രവിക്കാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ.

ഒരതിഥി പറയുന്നു:മനസ്സുകൾക്ക് വെളിച്ചം നല്കുന്ന സായാഹ്നമായിരുന്നു ഇത്. നിങ്ങളുടെ ഇസ്ലാം മതത്തെ സംബന്ധിച്ച് ഞാൻ ധാരാളം കാര്യങ്ങൾ പഠിച്ചു. മുമ്പേ എനിക്ക് ഇസ്‌ലാമിനെ സംബന്ധിച്ച് ഇത്രയധികം വിവരങ്ങളുണ്ടായിരുന്നില്ല എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. എന്നാലിന്ന് ഇവിടെ വന്നതിൽ എനിക്ക് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ അറിയാൻ സാധിച്ചു. നിങ്ങൾക്കെല്ലാവർക്കും നന്ദി.

ഒരു വനിത അതിഥി പറയുന്നു:ഈ മഹനീയ പരിപാടിയിൽ ക്ഷണിച്ചതിൽ നിങ്ങൾക്കു ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം യുക്തിസഹവും ഹൃദയസ്പർശിയും ആയിരുന്നു. ഖലീഫത്തുൽമസീഹിന്റെ സാന്നിധ്യമുള്ള പരിപാടിയിൽ ഭാഗമായതിൽ എനിക്ക് അഭിമാനമുണ്ട്.

ഒരു വനിത അതിഥി പറയുന്നു: ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണത്തിൽ നല്കിയ ശാന്തി സന്ദേശവും ജിഹാദിനെ കുറിച്ചുള്ള വിശദീകരണവും എന്നിൽ വളരെ സ്വാധീനമുളവാക്കി. അതേപോലെ തന്നെ എനിക്ക് ഈ മസ്ജിദിന്റെ പേരും വളരെ നല്ലതായി തോന്നി. ഈ മസ്ജിദിന്റെ പേരുതന്നെ സമൂഹത്തിൽ സഹവർത്തിത്വത്തിന് പ്രോത്സാഹനം നല്കുന്നതാണ്. ഇവിടെവന്ന് ഇസ്ലാമിനെ സംബന്ധിച്ച് പുതിയ തരത്തിലുള്ള ഒരു സാക്ഷ്യം ലഭിച്ചു.ഈ ജമാഅത്തിന്റെമേലുള്ള അതിക്രമങ്ങൾ കേൾക്കുമ്പോൾ എനിക്ക് വളരെ ദുഖമുണ്ടാകുന്നു.

ഒരതിഥി പറയുന്നു:തികച്ചും സൗഹാർദപരമായ അന്തരീക്ഷത്തിലാണ് ഈ പരിപാടി നടന്നത്. ഖലീഫയുടെ പ്രഭാഷണം വളരെ മഹനീയമായിരുന്നു. അദ്ദേഹത്തിന്റെ വിശദീകരണം തികച്ചും വ്യക്തവും കൃത്രിമത്വത്തിൽനിന്ന് മുക്തവും ശാന്തിയെ പ്രോത്സാഹിപ്പിക്കുന്നതും ആയിരുന്നു.

ഒരു രാഷ്ട്രീയ പ്രവർത്തകനായ ജോണ് റാബിറ്റ് സാഹിബ് പറയുന്നു:ഇന്നത്തെ പരിപാടി എനിക്ക ഉയർച്ച നല്കിയിരിക്കുന്നു. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം എന്നെ വളരെ ആകർഷിച്ചു. ഇസ്ലാമിനെ കുറിച്ചുള്ള എന്റെ വീക്ഷണം ഒറ്റയിരുപ്പിൽ മാറിപ്പോയി. എന്റെ ഒരു സ്നേഹിതൻ സഊദി അറേബ്യയിൽ താമസിക്കുന്നു. ഇസ്ലാമിനെ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ അദ്ദേഹം എന്നോട് വിവരിച്ചോ അതിന് വിപരീതമായാണ് ഇവിടുത്തെ മനോഹരമായ ഇസ്ലാം എനിക്ക് ദൃശ്യമായത്. സമാധാന പൂരിതവും സ്നേഹ നിർഭരവും പരസ്പര അനകമ്പയും പുലർത്തുന്ന യഥാർഥ മതമാണ് ഇസ്ലാം.

ഡബ്ലിനിലെ എജ്യൂക്കേഷൻ ഫൌണ്ടേഷൻ ഡപ്യൂട്ടി പ്രിൻസിപ്പൽ മിസിസ് ബെർണാഡെറ്റെ പറയുന്നു:ഖലീഫത്തുൽമസീഹിന്റെ വ്യക്തിത്വം തികച്ചും സ്നേഹ നിർഭരമാണ്. അദ്ദേഹം ഈ മസ്ജിദിന്റെ പേര് മർയം എന്നു വെച്ചത് വളരെ നല്ലതായി തോന്നി.

മർയത്തിന്റെ സ്ഥാനമെന്താണെന്ന് അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽനിന്ന് മാത്രമാണ് എനിക്ക് മനസ്സിലായത്. വിശുദ്ധ ഖുർആനിലുള്ള ഹദ്റത്ത് മർയം (അ)നെ കുറിച്ച് നല്കിയിട്ടുള്ള സ്തുത്യർഹമായ കാര്യങ്ങൾ വിശദീകരിക്കപ്പെട്ടു. ഈ ഹൃദയസ്പൃക്കായ കാര്യം ഇസ്ലാമിനെതിരിൽ ആരോപണം ഉന്നയിക്കുന്ന എല്ലാ ക്രൈസ്തവരോടും പറയേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം.

ഇസ്‌ലാമിനെ സംബന്ധിച്ച് എനിക്ക് ഇത്രയധികം വിവരങ്ങളുണ്ടായിരുന്നില്ല. എന്നാൽ, ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം ശ്രവിച്ചപ്പോൾ ഇസ്ലാമിനെ കുറിച്ച് എന്നിൽ തികച്ചും നല്ല പ്രതികരണമുണ്ടായി.

ഒരു മഹിളാ അതിഥി മിസ് ജോസഫയ്ൻ വാഹി പറയുന്നു:ഇന്നത്തെ സായാഹ്നം തികച്ചും ഹൃദ്യവും ശാന്ത നിർഭരവുമായിരുന്നു. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണം കേൾക്കേണ്ട ഒന്നാണ്. രാത്രി മുഴുവനും ഖലീഫത്തിൽമസീഹിന്റെ പ്രഭാഷണം തുടർന്നാലും ഞാൻ കേട്ടുകൊണ്ടേ പോകുമായിരുന്നു. ഖലീഫ സമാധാനത്തോടും ശാന്തിയോടുമുള്ള ജീവിതം നയിക്കുമാറാകട്ടെ എന്നതാണ് എന്റെ പ്രാർതഥന. ഖലീഫത്തുൽമസീഹിന്റെ പ്രഭാഷണത്തിലെ എല്ലാ കാര്യങ്ങളും മനോഹരമായിരുന്നു. പ്രഭാഷണത്തിൽ അദ്ദേഹം സ്വീകരിച്ച രീതിയും വളരെയധികം ഹൃദയസ്പൃക്കായിരുന്നു.

ഒരു തദ്ദേശ ജേർണലിസ്റ്റ് മിസിസ് ബേർത്ത പറയുന്നു:ഇന്നത്തെ ദിവസത്തിനു മുമ്പേ എനിക്ക് ഇസ്ലാമിനെ കുറിച്ച് ഒരു വിവരവുമുണ്ടായിരുന്നില്ല. ഇന്ന് മുഴുവൻ മസ്ജിദ് മർയത്തിൽ ഞാൻ കഴിച്ചു കൂട്ടി. ഖലീഫയുടെ വെള്ളിയാഴ്ചത്തെ പ്രഭാഷണവും മസ്ജിദ് മർയവുമായി ബന്ധപ്പെട്ടുള്ള ഉദ്ഘാടന പ്രഭാഷണവും ശ്രവിച്ചു. ഇസ്ലാം സമാധനത്തിന്റെ മതമാണെന്ന ഫലമാണ് എനിക്ക് ഇതിൽനിന്ന് ലഭിച്ചത്. അഹ്മദികൾ എത്ര നല്ല പ്രകൃതക്കാരാണെന്ന് സ്വന്തം കണ്ണുകൾകൊണ്ട് ഞാൻ കണ്ടു.

ഒരു ഐറിഷ് മഹിളാ മിസ്.നോറീൻ ടാർ സാഹിബ പറയുന്നു: എനിക്ക് ഇസ്ലാമിനെക്കുറിച്ച് കൂടുതൽ അറിവുണ്ടായിരുന്നില്ല. വാർത്തകളിൽ കാണുന്ന അത്രയും പരിധിയിൽ മാത്രമേ എനിക്ക് അറിയുമായിരുന്നുള്ളു. അതായത്, ചാവേർ ആക്രമണങ്ങൾ, തീവ്രവാദം. എന്നാൽ, ഖലീഫ ഏത് ഇസ്ലാമിനെ കുറിച്ചാണോ പറഞ്ഞത് തികച്ചും വ്യത്യസ്തമായിരുന്നു. സ്നേഹ സമാധാനത്തിന്റെ പൂർണ ആകർഷണം സൃഷ്ടിക്കുന്ന സന്ദേശമായാണ് അദ്ദേഹം ഇസ്ലാമിനെ സമർപ്പിക്കുന്നത്.

മസ്ജിദ് മർയത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് അയർലാൻഡിലേക്കുള്ള ഹുദൂറിന്റെ വരവിനെ കുറിച്ചുള്ള വാർത്ത പത്രങ്ങളിലും റേഡിയോയിലും വന്നപ്പോൾ വൈകുന്നേരം നാഷണൽ സ്വദ്റിന് ഒരു കത്തോലിക്കാ മഹിളയുടെ ഈമെയിൽ സന്ദേശം ലഭിച്ചിരുന്നു. അഹ്മദിയ്യാ ഖലീഫ അയർലാൻഡിൽ വന്നു എന്ന് തനിക്ക് അറിയാൻ കഴിഞ്ഞുവെന്നും തന്റെ ഭർത്താവിന് ഇന്ന് ആശുപത്രിയിൽ ഓപ്പറേഷനാണെന്നും താങ്കൾ ഹുദൂറിനോട് പൂർണ ആരോഗ്യത്തിനു വേണ്ടി ദുആക്ക് അപേക്ഷിക്കണമെന്നും അവർ പ്രസ്തുത കത്തിലെഴുതിയിരുന്നു.

ഇന്ന് സെപ്റ്റംബർ 26-ന് മർയം മസ്ജിദുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് പ്രിന്റ് മീഡിയയിൽ കവറേജുണ്ടായി.

അയർലാൻഡ് നാഷണൽ ടീ.വി ചാനൽ ടീ.ജി 4, മസ്ജിദുദ്ഘാടനവുമായി ബന്ധപ്പെട്ട് വാർത്ത നല്കുകയും മസ്ജിദിന്റെ ഫോട്ടോ കാണിക്കുകയും ചെയ്തു. ഖുത്ബ നല്കുന്ന ഹുദൂറിനേയും കാണിച്ചു. രാജ്യത്താകമാനം ധാരളമായി വീക്ഷിക്കപ്പെടുന്ന ചാനലാണിത്. ഒരു അനുമാനം അനുസരിച്ച് ഈ ചാനൽ വീക്ഷിക്കുന്നവരുടെ എണ്ണം 5 മില്യണാണ്.

ഒരു റേഡിയോ ചാനലായ ആർ.ടീ.ഇ മസ്ജിദുദ്ഘാടന വാർത്ത സംപ്രേഷണം ചെയ്തു. അന്നേ ദിവസം വൈകുന്നേരം ഇന്റർവ്യൂ സംപ്രേഷണം ചെയ്തു. ഇന്റർവ്യൂവിന് മുമ്പേ പ്രോഗ്രാം സമർപ്പിച്ച ആതിഥേയൻ മസ്ജിദിന്റെ നിർമാണത്തെ കുറിച്ചും ഉദ്ഘാടനത്തെ കുറിച്ചും പരിചയപ്പെടുത്തി. ജുമുഅ നമസ്കാര സമയത്ത് ഹുദൂറിന്റെ തിലാവത്തിന്റെ ചില ഭാഗങ്ങൾ സംപ്രേഷണം ചെയ്തു. ഹുദൂറിന്റെ ഇന്റർവ്യൂ പൂർണമായും സംപ്രേഷണം ചെയ്തു.

ഗാൽവെ പ്രാദേശിക റേഡിയോ ചാനൽ, ഗാൽവെ ബേ എഫ്.എം വിവിധ സമയങ്ങളിൽ മൂന്ന് പ്രാവശ്യം ചുവടെ ചേർക്കുന്ന മസ്ജിദുദ്ഘാടന വാർത്ത സംപ്രേഷണം ചെയ്തു:

ഇന്നുച്ചക്ക് ഗാൽവെ അയർലാൻഡിലെ ആദ്യത്തെ മസ്ജിദുദ്ഘാടനം നടന്നു. ഗാൽവെയിലെ മർറിയം മസ്ജിദ് അയർലാൻഡ് ജനതയ്ക്ക് ശാന്തിയുടേയും സ്നേഹത്തിന്റേയും കേന്ദ്രമാകുന്നു. ഐറിഷ് രൂപകല്പനയനുസരിച്ചാണ് ഈ മസ്ജിദ് നിർമിച്ചിട്ടുള്ളത്. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് മസ്ജിദിന്റെ ഉദ്ഘാടന കർമം നിർവഹിക്കുകയും ദുആക്ക് നേതൃത്വം നല്കുകയും ചെയ്തു. ഇന്നത്തെ ദിനം ഗാൽവേ നഗരത്തിന് വളരെ ചരിത്ര പ്രാധാന്യമുള്ളതാണ്.

ഈ റേഡിയോനിലയത്തിന്റെ ശ്രോതാക്കളുടെ എണ്ണം ഏകദേശം 35000 ആണ്. ടീ.വിയും റേഡിയോയും കൂടാതെ പ്രിന്റ്മീഡിയയും മർയം മസ്ജിദിന്റെ ഉദ്ഘാടന കർമത്തിന് വളരെ നല്ല കവറേജ് നല്കി.

ദ ഐറിഷ് ടൈംസ് മസ്ജിദിന്റെ ഉദ്ഘാടന കർമത്തിന് മുമ്പേതന്നെ സെപ്റ്റംബർ 20-ന് മർയം മസ്ജിദിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. മസ്ജിദിന്റെ ഡിസൈന്റെ ചാരുതയെ കുറിച്ചും സ്മരിച്ചു. മർയം മസ്ജിദിൽ കൊത്തുപണിയിലൂടെ ആലേഖനം ചെയ്യപ്പെട്ട അറബി വാക്യങ്ങളായ കലിമാ ത്വയ്യിബയേയും ഹദീഥുകളുടെ തർജമയെക്കുറിച്ചും സൂചിപ്പിച്ചു. ഒപ്പം ജമാഅത്തിനെ പരിചയപ്പെടുത്തുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1889-ൽ അടിത്തറയിട്ടു. ഇപ്പോൾ 200 ഓളം രാജ്യങ്ങളിൽ ഈ ജമാഅത്ത് വ്യാപിച്ചിട്ടുണ്ട്. ആഫ്രിക്കയിലും ഈ ജമാഅത്തിന് വളരെവലിയൊരു ജനാവലിയുണ്ട്. കൂടാതെ പാകിസ്താനിലും ഇന്തോനേഷ്യയിലും എണ്ണത്തിൽ ഇവർ വളരെ കൂടുതലുണ്ട്. ബ്രിട്ടനിൽ മുപ്പതിനായിരവും തെക്കേ അമേരിക്കയിൽ പതിനയ്യായിരത്തിനടുത്തും അഹ്മദികളുണ്ട്.

ഈ ജമാഅത്ത് തീവ്രവാദത്തിനെതിരാണ്. മറ്റു മതക്കാരോടു സഹവർത്തിത്വത്തോടെ വർത്തിക്കാൻ ഇതു പാഠം നല്കുന്നു. അഹ്മദിയ്യാ ജമാഅത്ത് വാളിനു പകരം തൂലികകൊണ്ടുള്ള ജിഹാദിന് കൂടുതൽ ഊന്നൽ നല്കുന്നു.

ഗാൽവേയിലെ ഒരു പത്രമായ ഗാൽവെ അഡ്വെർടൈസറിലും മസ്ജിദുദ്ഘാടനവുമായി ബന്ധപ്പെട്ട വാർത്ത പ്രസിദ്ധീകരിച്ചു. ഇതിന്റെ വായനക്കാർ ഏകദേശം 2,20000 പേരാണ്.

ഗാൽവേയിലെ ഒരു പ്രസിദ്ധ വാരികയായ ഗാൽവെ ഇന്റിപെന്റിന്റെ വായനക്കാരുടെ എണ്ണം 1,84000-ൽ കൂടുതലാണ് അവരും മസ്ജിദ് മർയത്തെ കറിച്ചുള്ള വാർത്ത നല്കി.

കൊണ്ണാച്ചട്ട് ട്രൈബ്യൂൺ വാരികയുടെ വായനക്കാർ ഒന്നര ലക്ഷത്തിലധിമാണ്. അവരും മസ്ജിദ് മർയത്തെ കുറിച്ചുള്ള വാർത്ത പ്രസിദ്ധീകരിച്ചു.

**2014 സെപ്റ്റംബർ 27 ശനിയാഴ്ച:**

രാവിലെ 06.10ന് മർയം മസ്ജിദിൽ ഹുദൂർ സ്വുബ്ഹി നമസ്കാരത്തിനു നേതൃത്വം നല്കി. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ അയർലാൻഡ്

**ഹുദൂർ അൻവറിന്റെ ക്ലാസ്സ്**

രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ റിപ്പോർട്ടുകളും കത്തുകളും പരിശോധിച്ചു വേണ്ടുന്ന മാർഗനിർദേശങ്ങൾ നല്കി. 11.45-ന് ഹുദൂർ മർയംമസ്ജിൽ വന്നു. അത്ഫാലുകളുമായുള്ള ഹുദൂറിന്റെ ക്ലാസിന് തുടക്കം കുറിച്ചു.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmial.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി Weekly **BADAR** Qadian
ഖാദിയാൻ

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 14 December 2023 Issue-50

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

അസീസം അർസലാൻ മലിക്കിന്റെ തിലാവത്തോടുകൂടി പരിപാടി ആരംഭിച്ചു. ഇംഗ്ലീഷ് തർജമ അസീസം സഗീർ അഹ്മദ് അവതരിപ്പിച്ചു. അസീസം ശുഊർ അഹ്മദ് സമർപ്പിച്ച നബി(സ) തിരുമേനിയുടെ ഹദീഥിന്റെ വിവർത്തനം അസീസം ബിലാൽ അഹ്മദ് അവതരിപ്പിച്ചു

ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു:ഞങ്ങൾ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ വിശുദ്ധ ഖുർആനിലെ ജുമുഅ എന്ന അധ്യായം അവതരിച്ചു. വആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം(ഇവരോടൊപ്പം ഇതുവരേയും ചേർന്നിട്ടില്ലാത്ത ഇവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലേക്കും അദ്ദേഹം നിയോഗിതനായിരിക്കുന്നു)എന്ന വചനം നബി(സ)തിരുമേനി ഉച്ചരിച്ചപ്പോൾ ഒരാൾ ചോദിച്ചു:അല്ലാഹുവിന്റെ റസൂലേ!ആ സ്വഹാബക്കൾ എന്ന സ്ഥാനം അലങ്കരിക്കുകയും എന്നാൽ, അവരിലുൾപ്പെടാതിരിക്കുകയും ചെയ്യുന്ന മറ്റൊരു കൂട്ടർ ആരാണ്? നബി(സ)തിരുമേനി ഈ ചോദ്യത്തിനു ഒരു മറുപടിയും നൽകിയില്ല. മൂന്നു പ്രാവശ്യം ഇതേ ചോദ്യം അദ്ദേഹം ആവർത്തിച്ചു.

നിവേദകൻ പറയുന്നു:ഹദ്റത്ത് സൽമാനുൽ ഫാരിസി(റ)ഞങ്ങളിലിരിപ്പുണ്ടായിരുന്നു. നബി(സ) തിരുമേനി തന്റെ കൈ അദ്ദേഹത്തിന്റെ തോളിൽ വച്ചു കൊണ്ട് പറഞ്ഞു:സത്യവിശ്വാസം സുറയ്യയിൽ(കാർത്തികനക്ഷത്രത്തിൽ) കയറിപ്പോകുമ്പോൾ അതായത് ഭൂമിയിൽനിന്ന് ഉയർന്നു പോകുമ്പോൾ ഇവരിൽനിന്നുള്ള ചിലർ അതിനെ മടക്കിക്കൊണ്ടുവരുന്നതാണ്.(അതായത്, മറ്റൊരു വിഭാഗം എന്നതുകൊണ്ട് വാഗ്ദത്ത മസീഹ് നിയോഗിതരാകുന്ന പേർഷ്യൻ സന്താനങ്ങളെയാണ് ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിൽ വിശ്വസിക്കുന്നവർ സ്വഹാബാക്കളുടെ പദവി കൈവരിക്കും. (സ്വഹീഹ ബുഖാരി, കിത്താബുത്തഫ്സീർ, സൂറ ജുമുഅ)

അതിനുശേഷം അസീസം ഫർസാദ് അഹ്മദ് ഹദ്റത്ത് അഖ്ദസ് വാഗ്ദത്ത മസീഹ് (അ) രചിച്ച കവിത ആലപിച്ചു.

*ഖുദാ കേ പാക്ക് ലോഗോം കൊ ഖുദാ സെ നുസ്റത്ത് ആത്തീ ഹെ*
*ജബ് ആത്തീ ഹെ തൊ ഫിർ ആലം കൊ ഇക് ആലം ദിഖാത്തീ ഹെ*

(ദൈവത്തിന്റെ പരിശുദ്ധരായ വ്യക്തികൾക്ക് ദൈവത്തിൽനിന്ന് സഹായമെത്തുന്നു. അതെത്തുമ്പോൾ പിന്നെ ലോകത്തിന് മറ്റൊരു ലോകം കാണിച്ചു കൊടുക്കുന്നു)

അതുകഴിഞ്ഞ് അസീസം അർമഗാൻ മുബ്ലിഫ് ഫർ ഉർദു ഭാഷയിൽ ഹദ്റത്ത് വാഗ്ദത്ത മസീഹി(അ)ന്റെ സത്യസാക്ഷ്യം എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു.പിന്നീട്, അസീസം സ്വബാഹുദ്ദീൻ അലീം ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന് ലഭിച്ച ദൈവിക വെളിപാടായ ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കുംഎന്ന ശീർഷകത്തിൽ ഇംഗ്ലീഷിൽ പ്രസംഗിച്ചു. തുടർന്ന് 8-ത്വിഫ്ലുകളുടെ ഒരു സംഘം വാഗ്ദത്ത മസീഹിന്റെ ഖസീദയിൽനിന്നു കുറച്ചു ഭാഗം മനോഹരമയി അവതരിപ്പിച്ചു.

*യാ അയ്ന ഫയ്ളില്ലാഹി വൽഇർഫാനി, യസ്ആ ഇലയ്ക്കൽഖൽഖു കള്ളം ആനി...*

(അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും ജ്ഞാനത്തിന്റേയും ഉറവിടമായിട്ടുള്ള മഹാത്മാവേ! ലോകർ ദാഹപരവശരെപ്പോലെ അങ്ങയുടെ സന്നിധാനത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്...........

തുടർന്ന് ചോദ്യങ്ങൾക്കുള്ള അവസരമായിരുന്നു. ഹുദൂറിന്റെ അനുമതിയോടെ അത്ഫാൽ സംശയങ്ങൾ ചോദിച്ചു.

ഒരു ത്വിഫ്ൽ:ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഏതെല്ലാം ഗ്രന്ഥങ്ങളാണ് അത്ഫാൽ വായിക്കേണ്ടത്? (തുടരും)

**(പേജ് 1 ൽനിന്ന്)**

ഫെൺ പ്രകടിപ്പിച്ച അഭിപ്രായമിതാണ്:

'ഞാനൊരിക്കൽ മനുഷ്യപ്രകൃതിയിൽ ചിന്തിച്ചു. മനുഷ്യന് തന്റെ പ്രകൃതിയനുസരിച്ച് മറ്റു മൃഗങ്ങങ്ങളുടെമേൽ ഭരണം നടത്തുക എളുപ്പമാണെന്ന് ഫലത്തിലാണ് ഞാനെത്തിയത്. എന്നാൽ, മനുഷ്യനുമേൽ ഭരണം നടത്തുക ദുഷ്കരമാണ്. കാരണം ഞാൻ ചിന്തിച്ചു, തങ്ങളുടെ വീടുകളിൽ കുറച്ചോ കൂടുതലോ വേലക്കാരുള്ള എത്രയെത്ര മുതലാളിമാരുണ്ട്. എന്നാൽ, അവർക്ക് തങ്ങളുടെ വേലക്കാരെക്കൊണ്ട് അനുസരിപ്പിക്കാൻ സാധിക്കുകയില്ല. ഇതിൽനിന്ന് മനുഷ്യന്റെമേൽ ഭരണം നടത്താൻ പറ്റിയ ഒരാളുപോലുമില്ലെന്നുള്ള വിചാരം എനിക്കുണ്ടായി. മറ്റുമൃഗങ്ങളുടെമേൽ ഭരണം നടത്തുന്നവർ ധാരാളമുണ്ട്. അങ്ങനെ ഇതു ചിന്തിച്ച് ചിന്തിച്ച് എനിക്ക് കോരിശ് രാജാവിന്റെ ചിന്ത വന്നു. അത് എന്റെ അഭിപ്രായം മാറ്റിക്കളഞ്ഞു. മനുഷ്യന്റെമേൽ ഭരണം നടത്തുന്നത് ദുഷ്കരമല്ലെന്ന് ഞാൻ പറഞ്ഞു. ചിലയാളുകൾ സന്തോഷത്തോടെ സൈറസിന് കീഴ്പ്പെട്ടിരുന്നതായി ഞാൻ കണ്ടിട്ടുണ്ട്. വാസ്തവത്തിൽ അവരിൽ ചിലർ രണ്ടുമാസത്തെ വഴി ദൂരത്തിലും ചിലർ നാലുമാസത്തെ വഴി ദൂരത്തിലും താമസിക്കുന്നവരായിരുന്നു. ചിലരാണെങ്കിൽ അദ്ദേഹത്തെ ഒരിക്കലും കാണാത്തവരുമായിരുന്നു. അദ്ദേഹത്തെ ഒരിക്കലും കാണാൻ പറ്റാത്തവരുമായി ചിലരുണ്ടായിരുന്നു.'

പിന്നീടെഴുതിയിരിക്കുന്നു:അദ്ദേഹം ജനഹൃദയങ്ങളിൽ ശക്തിമത്തായ അഭിലാഷം ഉണ്ടാക്കിയിരുന്നു; അവർ അദ്ദേഹത്തെ സന്തോഷത്തിൽ വെക്കാൻ; അദ്ദേഹം എപ്പോഴും അവരുടെമേൽ ഭരണം നടത്തിക്കൊണ്ടിരിക്കാനും. അദ്ദേഹം എത്ര മാത്രം ജനങ്ങളുടെമേൽ ഭരണം നടത്തിയെന്നാൽ ആ കാലം കണക്കാക്കാൻപോലും സാധ്യമല്ല. കിഴക്കുമുതൽ പടിഞ്ഞാറുവരെ അദ്ദേഹത്തിന്റെ ഭരണം വ്യാപിച്ചിരുന്നു.

പിന്നീട് അതേ ഗ്രന്ഥത്തിൽ ഇക്കാലഘട്ടത്തിലെ ചരിത്രകാരന്മാരുടെ അഭിപ്രായങ്ങളുടെ സംഗ്രഹവും എഴുതിയിട്ടുണ്ട്.നീതിക്കുവേണ്ടി യുദ്ധം ചെയ്യുന്നതിന്റേയും എന്നല്ല അതിനുവേണ്ടി ജീവാർപണം ചെയ്യുന്നതിന്റേയും പേരാണ് മഹത്വമെങ്കിൽ അദ്ദേഹം(അതായത് കോരിശ്)വലിയ രാജാവായിരുന്നു.

പിന്നീടെഴുതിയിരിക്കുന്നു: അദ്ദേഹം തനിക്കുവേണ്ടി ഒന്നും ചെയ്തിരുന്നില്ല. അദ്ദേഹം എങ്ങനെയുള്ള ആളായിരുന്നുവെന്നാൽ, മാധ്യമങ്ങളുടെ ഭരണവും ബാബിലിന്റെ ഭരണവും ഈജിപ്റ്റുകാരും സംഘടിച്ചുകൊണ്ട് അദ്ദേഹത്തിനുമേൽ ആക്രമണം നടത്തിയപ്പോൾ അദ്ദേഹം പ്രതിരോധിക്കാൻവേണ്ടിമാത്രമാണ് വാളെടുത്തത്. എല്ലാത്തിനെക്കാളുമുപരി അദ്ദേഹത്തിന്റെ ശത്രുവും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അദ്ദേഹം കരുണയുടെ ശരീരധാരിയായിരുന്നു. അദ്ദേഹത്തിന്റെ പരിചയിൽ അനുവദനീയമല്ലാത്ത രക്തത്തുള്ളി വീണിരുന്നില്ല. ഭയാനകമായ പകരം വീട്ടലും അക്രമവുംകൊണ്ട് അദ്ദേഹത്തിന്റെ കരങ്ങൾ മലീമസമായിരുന്നില്ല. അദ്ദേഹം മഖ്ദോണിയൻ രാജാവിനെപ്പോലെ ഒരിക്കലും നഗരത്തിന് തീ കൊളുത്തിയില്ല. അദ്ദേഹം മറ്റുള്ള രാജാക്കന്മാരെപ്പോലെ പീഢിതരായ രാജാക്കന്മാരുടെ കൈയും കാലും ഒടിച്ചില്ല. അദ്ദേഹം യഹൂദി രാജാക്കന്മാരെപ്പോലെ ഒരിക്കലും ഭിത്തികളിലൂടെ അവരെ വലിച്ചിഴച്ചില്ല. റോമക്കാരെപ്പോലെ പരാജയപ്പെട്ട രാജാക്കാന്മാരെ തൂക്കിലേറ്റിയില്ല. അദ്ദേഹം യൂനാനികളുടെ ഭ്രാന്തനായ ദൈവം ഇസ്ക്കന്ദറെപോലെ രക്തപ്പുഴ ഒഴുക്കിയില്ല. അദ്ദേഹം നിസ്സംശയം എഷ്യക്കാരനായിരുന്നു. തങ്ങളുടെ കാലത്തിനു വളരെ മുമ്പേ ജനിക്കുന്ന ആളുകളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം.

മറ്റുള്ളവരെ അപേക്ഷിച്ച് അദ്ദേഹം വളരെ മൃദുലഹൃദയനായിരുന്നു. അദ്ദേഹം തന്റെ ജനതയുടെ സമ്പ്രദായത്തെക്കാളും രീതികളെക്കാളെക്കാളും വളരെ മുമ്പേ കവച്ചുവച്ചുപോയ ആളായിരുന്നു. ഭാവിയിലുണ്ടാകാനുള്ള മനുഷ്യവംശത്തിന്റെ അങ്ങേയറ്റത്തെ അഭിവൃദ്ധിയിൽ അദ്ദേഹം നിലനിന്നിരുന്നു. അദ്ദേഹം തന്റെ പ്രബലമായ ഭരണത്തിന്റെ അസ്തിവാരം രാജ്യങ്ങളെ കീഴടക്കി അവരുടെ പദവി വർധിപ്പിക്കുന്നതിലും ജയിച്ചവർക്ക് തുല്യമായ അവകാശം നല്കുന്നതിലും വെച്ചിരുന്നു. ബനൂകദ് നഴ്റിന്റേയും സെക്കന്ദറിന്റേയും മുമ്പിൽ വലിയ വലിയ ഉപരോധങ്ങൾക്കുശേഷം തന്നത്താൻ ഏൽപിച്ച ടോയറിന്റെ നഗരകവാടം അദ്ദേഹം ചെന്നുടനെത്തന്നെ സ്വന്തം ഇഷ്ടത്താൽ തുറന്നുകൊടുത്തു.

പിന്നീടെഴുതിയിരിക്കുന്നു:എല്ലാത്തിനെക്കാളുമുപരി യഹൂദികൾ എന്ന് പറയുന്ന ഉന്നത ജനത ബാബിൾ നദിക്കരയിൽ നശ്വരനായ ഒരു മനുഷ്യനേയും ഇത്രമാത്രം ആവേശത്തോടെ ഒരിക്കലും സ്വീകരിച്ചിട്ടില്ലാത്ത വിധമാണ് അദ്ദേഹത്തെ സ്വീകരിച്ചത്.

വീണ്ടും എഴുതിയിരിക്കുന്നു:അദ്ദേഹം തന്റെ കാലഘട്ടത്തിന്റെ ഉൽപ്പന്നമല്ലായിരുന്നു. പ്രത്യുത അദ്ദേഹം കാലഘട്ടത്തെ ഉണ്ടാക്കുകയും അദ്ദേഹം അതിന്റെ പിതാവുമായിരുന്നു. അദ്ദേഹം മനുഷ്യചരിത്രത്തിൽ ഏകനും അതുല്യനുമായ രാജാവായിരുന്നു.(തഫ്സീറെ കബീർ, വാല്യം 4, പേജ്496, പ്രസാധനം 2010 ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin